4422

Balan Children's Series Grade III
General Editor:- Mathew M. Kuzhivelil


ചാന്ദർകഥകൾ

1066

(രണ്ടാംഭാഗം)

BOOK 34

Retold by:
പി. കെ. ദിവാകരക്കൈമൾ



NATIONAL BOOK STALL
SPCS
LTD
ERNAKULAM

ബാലൻ പ്രസിദ്ധീകരണങ്ങൾ
നന്തൻകോട്ട്, തിരുവനന്തപുരം

All Rights Reserved by
the Publishers.

ഉള്ളടക്കം.

1. ശാന്തിക്കുറിന്റെ കഥ
2. മൂന്നു ചങ്ങാതിമാർ
3. കുശലതയുടെ കഥ
4. ,, ,,
5. ,, ,,

അദ്ധ്യായം പതിനൊന്ന്

മൂന്നാമത്തെ കഥ

ശാന്തിക്കിർ

യാത്രയുടെ നായകനായ മിസ്റ്റർ ബൈലി കഥാകഥനം തുടരുന്നതിനുള്ള നിർദ്ദേശങ്ങളും അപ്പഴപ്പോൾ നൽകിക്കൊണ്ടിരുന്നു—ഓരോരുത്തരെയും പരിപാടിക്രമത്തിനു് കഥപറയുവാൻ ക്ഷണിക്കുകയായിരുന്നു ചെയ്തിരുന്നതു്. അടുത്ത കഥ പറയുവാൻ ക്ഷണിച്ചതു് ജോൺ പാതിരിയെയായിരുന്നു.

പട്ടിണിക്കുന്തംപോലൊരു കുതിരയുടെ പുറത്തു് സഞ്ചരിച്ചിരുന്ന ജോൺപാതിരിയെ മറ്റുള്ളവർ രസം പിടിപ്പിച്ചപ്പോൾ പാതിരി ഒരു കഥ പറയാൻ ആരംഭിച്ചു.

പണ്ടൊരുകാലത്തു് ഒരു വിധവയുണ്ടായിരുന്നു. വയസ്സുചെന്നു് മുതുകുകൂനി എല്ലും തോലും കൂട്ടിക്കെട്ടിയപോലുള്ള ഒരു കിഴവി. അവൾ താമസിച്ചിരുന്നതു് ഒരു മലഞ്ചെരിവിലുള്ള കാട്ടിന്റെ അടുത്തായിരുന്നു. ആ കാടു് വളരെ ദൂരത്തിലുള്ള മലവരെയും പടർന്നു കിടന്നിരുന്ന വലിയ വനമായിരുന്നു. ഭർത്താവു മരിച്ചുപോയതിനാൽ ആ സ്ത്രീയുടെ വളരെ കഷ്ടതകൾ അനുഭവിക്കേ

ണ്ടിയിരുന്നു. കയ്യിൽ കാശുമായിട്ട് ധനമൊന്നുമില്ല. ആകെക്കൂടിയുള്ള സ്വത്തു് മൂന്നു പന്നികളും, മൂന്നു പശുക്കളും, മൂന്നു് ആടുകളും കുറെ കോഴികളും മാത്രമായിരുന്നു. ആടിനെ അവൾ 'മോളി'യെന്നാണു് പേരു വിളിച്ചിരുന്നതു്. ഇവറ്റകളെ തീറ്റിപ്പോറ്റി അവയിൽനിന്നു കിട്ടുന്ന അല്പ ആദായത്തിൽ അവളും രണ്ടു പെൺമക്കളും നിത്യവൃത്തി കഴിഞ്ഞുവന്നു.

അവളുടെ വീടു് ഒരു ചെറിയ കുടിലായിരുന്നു. അതിനുള്ളിൽ പുകക്കുഴലൊന്നും ഇല്ലായിരുന്നതിനാൽ മുറിയ്ക്കകം മുഴുവനും പുകയുടെ കൂരി നിറഞ്ഞിരുന്നു. പാലും റൊട്ടിയുമായിരുന്നു അവരുടെ മുഖ്യമായ ആഹാരം. അവൾ കോഴിയെ വളർത്തിയിരുന്നതിനാൽ ഇടയ്ക്കിടയ്ക്കു് രണ്ടും മൂന്നും മുട്ടയും തിന്നുമായിരുന്നു.

അവളുടെ കുടിലിനു പിറകിലായി ഒരു ചെറിയ തോട്ടമുണ്ടു്. അതു് വേലികെട്ടി അടച്ചിരിക്കയാണു്. അതിനുള്ളിലാണു് അവൾ കോഴികളെ വളർത്തിയിരുന്നതു്. അവളുടെ കോഴികളിൽ ഒന്നിനു് കൊടുത്തിരുന്ന പേരു് 'ശാന്തിക്ലീർ' എന്നാണു്. രാത്രിയും പകലും ആ പ്രദേശത്തുള്ളവർ ശരിക്കു സമയമറിഞ്ഞിരുന്നതു് ശാന്തിക്ലീറിന്റെ മണിനാദംപോലുള്ള കൂവൽ കേട്ടായിരുന്നു. പള്ളിയിലെ നാഴികമണിയേക്കാൾ കണിശമാണു് ശാന്തിക്ലീറിന്റെ മണിക്കൂവൽ. അഴകും

ചന്തവും തികഞ്ഞ ശാന്തിക്കുറിനെ അവൾക്കു് വളരെ പ്രത്യേകതയായിരുന്നു. കൂടാതെ ശാന്തിക്കുറിനു് സുന്ദരികളായ ഏഴു് പിടക്കോഴികളും ഉണ്ടു്. ഏഴുപേരും അഴകുറവരാണെങ്കിലും അവരിലൊരുത്തി എല്ലാവരിനേക്കാളും മനോഹരിയാണു്. അവളുടെ പേരു് പാത്തുലത്ത എന്നാണു്. അവൾ കാരുണ്യശീലയും, ബുദ്ധിമതിയും, സൽസ്വഭാവിയും ആകയാൽ ഒരു നല്ല സഹചാരിണിയായിത്തീർന്നു. പാർത്തലത്തയുടെ വിനയമധുരമായ സ്വഭാവം കണ്ടു് ശാന്തിക്കുറിർ മോഹിച്ചു് അവന്റെ പ്രേയസിയാക്കിയതാണു്. അവൾ ജനിച്ചതിന്റെ പതിന്നാലാംദിവസമായിരുന്നു അവർ ദമ്പതികളായതു്. അന്നുമുതൽ അവൾ ശാന്തിക്കുറിന്റെ പ്രണയഭാജനമായിക്കഴിഞ്ഞതാണു്. ഇവർ തമ്മിൽ അത്യധികം സ്നേഹിച്ചിരുന്നു. അതിനാൽ എന്തുകാര്യവും അവരൊരുമിച്ചാണു് ചെയ്തിരുന്നതും. അവർ രണ്ടുപേരുംകൂടി ചിലപ്പോൾ പാടും. "എന്റെ പ്രേമം പെയ്യോയി" എന്നുള്ള ഒരു പാട്ടു് അവർ മധുരമായി പാടുന്നതു കേൾക്കേണ്ടതാണു്. (അക്കാലത്തു് പക്ഷികളും മൃഗങ്ങളും മനുഷ്യരെപ്പോലെ സംസാരിക്കാറുണ്ടായിരുന്നു എന്നു് കഥ പറഞ്ഞ പാതിരി ഓർമ്മപ്പെടുത്തി).

ഒരു ദിവസം കാലത്തു് ശാന്തിക്കുറിർ ഭാര്യമാരോടുകൂടി ഒരു തടിയിന്മേൽ നിരന്നിരിക്കയായിരുന്നു. പെട്ടെന്നു് സങ്കടംനിറഞ്ഞ സ്വരത്തിൽ അവൻ ഉറക്കെ

നിലവിളിച്ചു ഇതുകേട്ട് ഭാഗ്യമാരൊക്കെ അമ്പരന്നു പോയി. പാർത്തലത്തയ്ക്കു വളരെ വ്യസനം തോന്നി– "പ്രാണനാഥ! അങ്ങെന്താണു് പണ്ടില്ലാത്തവിധം ഇങ്ങനെ കരയുന്നതു് കുറച്ചിലല്ലേ ഇതു്!" എന്നു് അവൾ ശാന്തിക്ലീറിനോടു പറഞ്ഞു. "എന്റെ പ്രിയേ" ശാന്തിക്ലീർ ഉടനെ മറുപടി പറഞ്ഞു: "നിനക്കെന്നോടു് കോപം തോന്നരുതു്. ഞാനൊരു സ്വപ്നം കാണുകയായിരുന്നു. ഞാൻ ആപത്തിൽപെട്ട എന്നു തോന്നിയിട്ടു കരഞ്ഞുപോയതാണു്. ഞാൻ കണ്ട സ്വപ്നം നിന്നോടു പറയാം. നമ്മുടെ മുറ്റത്തു് ഞാനങ്ങനെ ഉലാത്തിക്കൊണ്ടിരിക്കയായിരുന്നു. അപ്പോൾ ഒരു ഭയങ്കരമൃഗം എന്റെ നേരെ വരുന്നതായി തോന്നി. ഞാൻ കണ്ടിട്ടില്ലാത്തതരത്തിലൊരു ജന്തു. മഞ്ഞയും ചുവപ്പും കലർന്നനിറമാണതിനു്. അതിന്റെ നീണ്ടവാലും രണ്ടു ചെവികളും കറുത്തനിറത്തിലായിരുന്നു. മൂക്കു് ക്രൂരതാണു്. കണ്ണുകൾ തീക്കട്ടപോലെ. ആകപ്പാടെ കണ്ടാൽ ആരും ഞെട്ടുന്ന ആകൃതി. ആ ജന്തു എന്നെ പിടിച്ചു കൊല്ലുമെന്നു് എനിയ്ക്കു തോന്നി. അപ്പോഴാണു് ഞാൻ കരഞ്ഞുപോയതു്." പാർത്തലത ഇതുകേട്ടു് ചിരിച്ചുകൊണ്ടു പറഞ്ഞു. "ഹായ്! ഇതിനാണോ നിങ്ങൾ കരഞ്ഞതു്, കൊച്ചുകുട്ടിയെപ്പോലെ! ധൈര്യം വേണ്ടയോ പുരുഷന്മാരായാൽ. എന്റെ ഭർത്താവു് ഒരു ഭീരുവായിരിക്കാൻ പാടില്ല. നല്ല ധൈര്യമുള്ള

വനായിരിക്കണം എന്നുപറഞ്ഞു അവൾ ശാന്തിക്കീറിനെ സമാധാനിപ്പിച്ചു. "ഞാൻ പറയാം നിങ്ങളുടെ വിഷമം എന്താണെന്നു്. ഭക്ഷണം അധികമായിപ്പോയി അതുകൊണ്ടാണു് ഇങ്ങനെ സ്വപ്നം കാണുന്നതു് പക്ഷെ സ്വപ്നം കണ്ടു് ഭയപ്പെടുന്നതെന്തിനാണു്?. ചുമ്മായിരിക്കു. ഈ ഗ്രാമത്തിൽ അപ്പോത്തിക്കിരി മാരാരും ഇല്ലല്ലോ പക്ഷെ, ഞാൻതന്നെ ഒരു പച്ച മരുന്നു തരാം. അതു കഴിച്ചാൽ നിങ്ങളുടെ വിഷമം തീരും".

ശാന്തിക്കീർ തന്റെ കൊച്ചു ഭാര്യക്കു് നന്ദി പറഞ്ഞു. എങ്കിലും അവന്റെ ഉള്ളിലെ ഭയം തീർന്നില്ല. അവൻ ഭാര്യയോടു് ഇങ്ങനെ പറഞ്ഞു.

"നീ പറഞ്ഞതു് അതു ശരിയാണെന്നു തോന്നുന്നില്ല. സ്വപ്നം ചിലപ്പോൾ യഥാർത്ഥമായിത്തീരുമെന്നു പല മഹാന്മാരും സ്ഥാപിച്ചു പറഞ്ഞിട്ടുള്ളതാണു്. അതിനുദാഹരണമായി സിസറോ രണ്ടു കഥകൾ പറഞ്ഞിട്ടുണ്ടു്. ആ കഥകൾ ഞാൻ പറയാം.

"രണ്ടു വഴിയാത്രക്കാർ ഒന്നിച്ചു് ഒരിക്കൽ ഒരു തീർത്ഥയാത്രയ്ക്കു പോയി. അവരൊരു പട്ടണത്തിൽ എത്തി. അവിടെ വളരെയധികം ആൾക്കൂട്ടമുണ്ടായിരുന്നതിനാൽ അവർക്കു താമസിക്കാൻ പറ്റിയ സ്ഥലം

കിട്ടിയില്ല. കിട്ടിയ സ്ഥലത്തു കിടക്കേണ്ടി വന്നു. രണ്ടു പേർക്കും രണ്ടു സ്ഥലത്താണു് കിടക്കാൻ ഇടം കിട്ടിയതു്. ഒരാൾ ഒരു ചെറിയ സത്രത്തിന്റെ മൂലയിൽ പറ്റിക്കൂടി. മറ്റെയാൾക്കു കിട്ടിയതു് മൂരികളെ കെട്ടിയിരുന്ന തൊഴുത്തിന്റെ ഒരറ്റമായിരുന്നു. സത്രത്തിൽ കിടന്നയാൾ നേരം വെളുക്കാറായപ്പോൾ ഒരു സ്വപ്നം കണ്ടു. ആ സ്വപ്നം ഇതായിരുന്നു— അയാളുടെ ചങ്ങാതി തന്നെ വിളിച്ചു് "അയ്യോ താനീ മൂരികളുടെ ക്രൂത്തിൽ കിടന്നു് മരിക്കാൻ പോകുന്നേ. എന്നെ ആരോ കൊല്ലാൻ തുടങ്ങുന്നു" എന്നു കരഞ്ഞു പറയുന്നതായി കേട്ടു. അയാൾ പെട്ടെന്നു ഞെട്ടി ഉണർന്നു. പക്ഷേ താൻ സത്രത്തിൽ കിടന്നറങ്ങുകയാണെന്നു ബോധം വന്നപ്പോൾ അയാൾ സമാധാനമായി വീണ്ടും ചരിഞ്ഞുകിടന്നുറങ്ങാൻ തുടങ്ങി. പക്ഷേ കുറച്ചു സമയം കഴിഞ്ഞപ്പോൾ വീണ്ടും അതേ കരച്ചിൽ അയാൾ കേട്ടതായി തോന്നി. വീണ്ടും ഉണർന്നു. ഇതു വെറും സ്വപ്നമാണെന്നു മനസ്സിലായപ്പോൾ പിന്നെയും അയാൾ കിടന്നുറങ്ങി. മൂന്നാം പ്രാവശ്യം കണ്ട സ്വപ്നം തന്റെ സ്നേഹിതൻ അടുത്തുവന്നു് ഇങ്ങനെ പറയുന്നതായിട്ടായിരുന്നു—

"ചങ്ങാതീ എന്നെ കൊന്നുകഴിഞ്ഞു. ഇതാ എന്റെ മുറിവു നോക്കു. എന്റെ പണസ്സഞ്ചി തട്ടി

യെടുക്കാൻവേണ്ടി എന്നെ അവരോ കൊന്നു. നീ അതി രാവിലെ എഴുന്നേൽക്കണം. എന്നിട്ട് നേരേ നടന്നു പടിഞ്ഞാറേ ഗോപുരത്തിൽ ചെല്ലുമ്പോൾ ചുപ്പും ചവരും നിറച്ച ഒരു വണ്ടി കാണും. അതിനുള്ളിൽ എന്റെ ശരീരം ഒളിച്ചുവച്ചിരിക്കുന്നതു് നീ കണ്ടു പിടിക്കണം."

ഈ വിധം സ്വപ്നം കണ്ടപ്പോൾ ആ ചങ്ങാതിക്കു സൂക്ഷ്മം അറിയണമെന്നു് ഉൽകണ്ഠയായി വെളുപ്പാൻ കാലത്തുതന്നെ എഴുന്നേറ്റു. തൊഴുത്തിനുള്ളിൽ അയാളുടെ ചങ്ങാതി കിടന്നിരുന്ന സ്ഥലത്തുചെന്നു നോക്കി. അവിടെ ചങ്ങാതിയെ കാണാനില്ലായിരുന്നു. അവിടത്തെ സൂക്ഷിപ്പുകാരോടു ചോദിച്ചപ്പോൾ അയാൾ പൊയ്ക്കഴിഞ്ഞു എന്നാണു് മറുപടി കിട്ടിയതു്. മനസ്സിൽ കൺഠിതത്തോടെ അയാൾ നേരേ പടിഞ്ഞാറേ ഗോപുരത്തിലേക്കു നടന്നു. അവിടെ എത്തിയപ്പോൾ സ്വപ്നത്തിൽ പറഞ്ഞിരുന്നതുപോലെ ഒരു മാട്ടവണ്ടി എതിരെ വരുന്നതു കണ്ടു. അതു നിറയെ ചണ്ണകമായിരുന്നു. അപ്പോൾ അയാൾ സ്വപ്നത്തിൽ കണ്ടതെല്ലാം സത്യമായിരിക്കണമെന്നു് ഉറപ്പിച്ചു. പെട്ടെന്നു് അയാൾ അവിടെ കിടന്ന മുറവിളി കൂട്ടി. തന്റെ സ്നേഹിതനെ രാത്രിയിൽ അവരോ കൊന്നു് ധനം അപഹരിച്ചെന്നും ആ ശവം ഈ ചാണകവണ്ടിയിലുണ്ടെന്നും അയാൾ വിളിച്ചു കൂകി. ഈ നിലവിളിയും ശബ്ദങ്ങളും കേട്ടു്

അടുത്തുള്ള വരെല്ലാം പാഞ്ഞെത്തി. വളരെപ്പേർ അവിടെ വട്ടം കൂടി. അവരെല്ലാം കൂടി വണ്ടി പിടിച്ചു നിർത്തി ചാണകമെല്ലാം വാരി വെളിയിലിട്ടു. അതിന്റെ അടിയിൽ അവർ ശവം കണ്ടെത്തി. ഉടനേ തന്നെ പോലീസ് ഉദ്യോഗസ്ഥന്മാർ ആ വണ്ടിക്കാരനെ അറസ്റ്റു ചെയ്തു. മൂരിത്തൊഴുത്തിന്റെ സൂക്ഷിപ്പുകാരനേയും അറസ്റ്റു ചെയ്തു. രണ്ടുപേരെയും ലാക്കപ്പിൽ കൊണ്ടിട്ടു. നല്ല ഇടി ഇടിച്ചപ്പോൾ രണ്ടുപേരും സത്യം പറഞ്ഞു കുറ്റം സമ്മതിച്ചു" ഇങ്ങനെ കഥ പറഞ്ഞിട്ട് ശാന്തിക്കുട്ടി ചോദിച്ചു— "പ്രിയേ ഈ കഥ പഠിപ്പിക്കുന്നതു് സ്വപ്നം ഫലിപ്പിക്കുമെന്നല്ലേ',?

അവൻ വീണ്ടും തുടർന്നു.— "ഇനി ഒരു കഥകൂടി പറയാം. അപ്പോൾ നിനക്കു നല്ല വിശ്വാസമാകും. കേട്ടോളൂ—"

"രണ്ടുപേർ കടൽ കടന്നു് ദൂരെ ഒരു രാജ്യത്തു പോകാനായി തിരിച്ചു. പക്ഷേ കാറ്റിന്റെ ശക്തി കൊണ്ടു് കപ്പൽ വിടാൻ കഴിഞ്ഞില്ല. കാറ്റടങ്ങുന്നതുവരെ അവർ തുറമുഖത്തു് ഒരിടത്തു താമസിച്ചു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ കാറ്റു ശാന്തമായി. അവർ സന്തോഷിച്ചു. ഏതായാലും പിറ്റേ ദിവസം രാവിലെ കപ്പൽ വിടാം എന്നു നിശ്ചയിച്ചുകൊണ്ടു് അന്നരാത്രിയിൽ അവർ ഉറങ്ങാൻ കിടന്നു. അവരിൽ ഒരാൾക്കു്

ഉറക്കത്തിൽ ആശ്ചര്യകരമായ ഒരു സ്വപ്നമുണ്ടായി. ആരോ ഒരാൾ തന്റെ കിടക്കയുടെ അടുത്തെത്തി "നീ ഈ പട്ടണത്തിൽ താമസിച്ചാൽ മതി. നാളെ കപ്പലിൽ യാത്ര പുറപ്പെടുകയാണെങ്കിൽ കടലിൽ മുങ്ങിച്ചാകുവാനിടയാകും" എന്നു പറഞ്ഞിട്ടു പോയതായി അയാൾക്കു തോന്നി".

ഈ സ്വപ്നത്തിന്റെ കാര്യം പിറേറദിവസം രാവിലെ അയാൾ സ്നേഹിതനോടു് പറഞ്ഞിട്ടു് അന്നു കപ്പൽ യാത്ര പുറപ്പെടണ്ടാ അടുത്ത ദിവസത്തേക്കു യാത്ര മാറിവയ്ക്കാം എന്നു നിർബന്ധിച്ചു. പക്ഷെ ആ സ്നേഹിതൻ പരിഹസിച്ചുകൊണ്ടു് പറഞ്ഞതു് "ഞാൻ നിശ്ചയിച്ചതു മാറാൻ ഒരു സ്വപ്നത്തിനും സാധിക്കയില്ല. നിനക്കു ഇഷ്ടമില്ലെങ്കിൽ വരണ്ടാ. ഇവിടെ താമസിച്ചുകൊള്ളു. ഞാനിതാ പുറപ്പെടുകയാണു്". എന്നായിരുന്നു. അങ്ങനെ തന്നെ അയാൾ സ്നേഹിതനെ ക്രുദ്ധനാക്കാതെ കപ്പൽ യാത്ര ആരംഭിച്ചു. പക്ഷെ പകുതിവഴി പോകുന്നതിനു മുമ്പുതന്നെ അയാളുടെ കപ്പൽ ഒരു പാറക്കൂട്ടത്തിൽ ഇടിച്ചു് തകർന്നു പോയി. കപ്പലിലുണ്ടായിരുന്നവരെല്ലാം കടലിൽ മുങ്ങിച്ചത്തു".

അതുകൊണ്ടു് സ്വപ്നം വെറും അർത്ഥമില്ലാത്തതാണെന്നു പറഞ്ഞു പുച്ഛിക്കരുതു് എന്നു് ശാന്തിക്കർ

ഭായ്യെ പറഞ്ഞു മനസ്സിലാക്കി. പിന്നെയും അതു പോലെ പല ഉദാഹരണങ്ങളും പറഞ്ഞു കേൾപ്പിച്ചു. "അതുകൊണ്ടു് എന്തോ അപത്തു് വരാനുണ്ടെന്നു് തോന്നുന്നു." എന്നു് അവൻ ഉറപ്പിച്ചു പറഞ്ഞു.

ശാന്തിക്കീർ ഭായ്യയോടു് തുടർന്നു ഇങ്ങനെ പറഞ്ഞു. "പക്ഷെ നിന്റെ പച്ച മരുന്നിൽ എനിക്കത്ര പ്രിയമില്ല. അതുകൊണ്ടൊന്നും ഇതിനു ഫലമുണ്ടാകയില്ലെന്നാണു് എന്റെ വിശ്വാസം. എങ്കിലും പ്രിയേ നീ വ്യസനിക്കേണ്ട. എനിക്കൊന്നും വരികയില്ല. നമുക്കീ വേണ്ടാത്ത വിചാരങ്ങളൊക്കെ കളഞ്ഞിട്ടു് സന്തോഷമായിരിക്കണം. സത്യം പറഞ്ഞാൽ നീ എന്റെ അടുത്തിരുന്നാൽ മതി എനിക്കു ഒരു സുഖക്കേടും ഉണ്ടാവില്ല. നിന്റെ അഴകേറിയ മുഖം കണ്ടാൽ തന്നെ എനിക്കു സന്തോഷമുണ്ടാകും. നിന്റെ പ്രകാശമേറിയ കണ്ണുകളുടെ ചുറ്റിനുമുള്ള ചുകപ്പു വൃത്തങ്ങളും എന്റെ മനസ്സിനു് എത്ര ആനന്ദമുണ്ടാക്കുന്നു. അതു കാണുമ്പോൾ വെയിലത്തു മഞ്ഞുരുകുന്നതുപോലെ എന്റെ മനക്ലേശങ്ങളെല്ലാം ഒഴിഞ്ഞു മാറും.

അപ്പോഴേക്കും നേരം നല്ലതുപോലെ വെളുത്തിരുന്നു. ശാന്തിക്കീർ ഉത്സാഹത്തോടെ ക്കുട്ടിനുള്ളിൽനിന്നു താഴത്തേക്കു പറന്നിറങ്ങി. ക്കുട്ടത്തിൽ പാത്തലത്തായും

മറ്റും പിടകളും താഴെയിറങ്ങി ഭർത്താവിന്റെ ചുറ്റിനും "ചക് ചക്" പറഞ്ഞുംകൊണ്ട് കുണുങ്ങി കുണുങ്ങി നടന്നു. അവർ ആ മുറ്റത്തു് ഒരരുകിൽ കിടന്ന ധാന്യം കൊത്തിപ്പെറുക്കാനുള്ള വട്ടം കൂട്ടലായിരുന്നു. പിന്നെ അവരുടെ സമയം ആഹ്ലാദമായി നീങ്ങിത്തുടങ്ങി.

കുറച്ചുകാലം ഇങ്ങനെ കടന്നുപോയി. ഒരുദിവസം പ്രകാശം പരന്നുനില്ക്കുന്ന പ്രഭാതത്തിൽ ശാന്തിക്കുട്ടി ആ മുറ്റത്തു് ഭാര്യമാരോടുകൂടി അങ്ങനെ മേളിച്ചുനടക്കുകയാണു്. അവന്റെ ഉച്ചിപ്പൂവും, ഉയർത്തിപ്പിടിച്ച കൊക്കും, അന്തസ്സുള്ള നടപ്പും കണ്ടാൽ ഒരു രാജാവിന്റെ പ്രൗഢി തോന്നിക്കുമായിരുന്നു. ക്രമേക്രമേ അവൻ ഓരോ പിടയേയും പ്രകൃതിയുടെ രമണീയത ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നു. പക്ഷികളുടെ മധുരമായ പാട്ടുകളും കമനീയമായ പൂക്കളും കാട്ടിക്കൊടുത്തു് അവൻ അവരെ സന്തോഷിപ്പിക്കയാണു്. അങ്ങനെ ആനന്ദംപൂണ്ടിരിക്കുന്ന സമയത്തു് നിനച്ചിരിക്കാതെ ഒരാപത്തു വന്നുചേർന്നു.

ആ മുറ്റത്തിനുവെളിയിൽ കുറിക്കാട്ടിനിടയിൽ ഒരു കുറുനരി പതുങ്ങിക്കിടപ്പുണ്ടായിരുന്നു. അവൻ മൂന്നുകൊല്ലമായിട്ടു് ഈ കുറിക്കാട്ടിൽ താമസം ഉറപ്പിച്ചിരിക്കയാണു്. തക്കം കിട്ടുമ്പോൾ വേലികടന്നു ശാന്തിക്കുറിന്റെ കുടുംബത്തിൽ കൈവയ്ക്കണമെന്നു കരുതിക്കൂട്ടി അവൻ കാത്തിരിക്കയായിരുന്നു. തലേദിവസം രാത്രി

യിൽതന്നെ അവൻ വേലിയിൽ വിടവുണ്ടാക്കി അക ത്തുള്ള മുറ്റത്തു കടന്നുകൂടി. അവിടെ ചെടികൾക്കിട യിൽ ഒളിച്ചിരുന്നു. അവന്റെ ഉന്നം ശാന്തിക്കീറിനെ പിടിക്കണമെന്നുള്ളതല്ലാതെ മറ്റൊന്നുമായിരുന്നില്ല.

ശാന്തിക്കീർ തന്റെ പ്രിയദ്വാരങ്ങൾ ഇളംവെയി ലേറു് സുഖിക്കുന്ന സമയത്തു് ആനന്ദമായി പാട്ടുകയാ യിരുന്നു. പൊട്ടന്നനെ മുമ്പിലുള്ള ചെടിയിന്മേൽ പൂമ്പാറ്റകൾ ചിറകടിച്ചുവന്നിരിക്കുന്നതു നോക്കി രസി ക്കുമ്പോൾ അതിനുള്ളിൽ ഒളിച്ചിരുന്ന കുറുനരിയെ കാണാനിടയായി. അവൻ കുറച്ചുദിവസം മുമ്പു കണ്ട സ്വപ്നമാണു് ആ സമയം ഓർമ്മവന്നതു്. അപകടം അടുത്തു എന്നു മനസ്സിലായി. അതിന്റെ അടയാള മായി അവൻ നീട്ടി ഒരു ക്രുവൽ ക്രുവി. ഇനിയും അവിടെ നില്ക്കുന്നതു പന്തിയല്ലെന്നു കണ്ടു് ഓടിപ്പോ കാൻവേണ്ടി ഒരു കുതി കുതിച്ചതും കുറുനരി അവന്റെ മുമ്പിൽ ചാടിവീണതും ഒന്നിച്ചു കഴിഞ്ഞു. പക്ഷെ കുറു നരി ഒരു തെമ്മാടിയായിരുന്നില്ല. അവൻ ശാന്തിക്കീ റിന്റെ പരിഭ്രമം കണ്ടു് ചിരിച്ചുപോയി. വളരെ അലിവുള്ളവനെപ്പോലെ അവൻ ശാന്തിക്കീറിനോടു് ശാന്തമായി പറഞ്ഞു.

"താങ്കൾ ഭയപ്പെട്ടു് ഓടുന്നതെന്തിനാണു്? എന്നെ താങ്കൾക്കു് തീർച്ചയായും ഭയമില്ലെന്നു് എനി

ക്കറിയാം. ഞാൻ അങ്ങയുടെ ചങ്ങാതിയല്ലേ? താങ്കളോട് മര്യാദകേടായി ഞാൻ വല്ലതും കാണിച്ചെങ്കിൽ എനിക്കതു മാനക്കേടല്ലേ. ഒരിക്കലും ഞാനങ്ങനെയൊന്നും ചെയ്യുകയില്ല. സത്യം പറഞ്ഞാൽ ഞാൻ വന്നതു് താങ്കളുടെ അമൃതംപോലുള്ള രാഗം കേട്ട് ആനന്ദിക്കുവാൻ മാത്രമാണു്.

പണ്ടൊക്കെയാണെങ്കിൽ താങ്കളുടെ അച്ഛനും അമ്മയും എന്നെ വന്നു സന്ദർശിക്കാറു പതിവുണ്ടായിരുന്നു. ഞാനാണെങ്കിൽ അവർക്കു് പല ഉപകാരങ്ങളും ചെയ്തുകൊടുത്തിട്ടുമുണ്ടു്. എന്താണെന്നുവച്ചാൽ എനിക്കവരുടെ സംസർഗ്ഗം വളരെ ഇഷ്ടമായിരുന്നു. വാസ്തവം പറയട്ടെ, അങ്ങയുടെ അച്ഛനെപ്പോലെ ഭംഗിയായി ഒരുത്തരും പാടുന്നതു ഞാൻ കേട്ടിട്ടില്ല. എന്നാൽ ഇന്നു കേട്ടു; അതുപോലെയുള്ള പാട്ടു് താങ്കൾ പാടിക്കേട്ടു. അതിന്റെ ആനന്ദംകൊണ്ടല്ലേ ഞാനോടിയെത്തിയതു്. താങ്കൾ അച്ഛനേരംകൂടി പാടാമെങ്കിൽ ഞാൻ വളരെ നന്ദിയുള്ളവനായിരിക്കും—സ്നേഹിതാ ഒന്നു പാടു!"

കൗശലസാമ്രാട്ടായ കുറുനരിയുടെ തേനൊലിക്കുന്ന വാക്കുകൾ കേട്ടു് ശാന്തിക്കിളി അഭിമാനംകൊണ്ടു പൊങ്ങിപ്പോയി. ചതിയുടെ പുറംപൂച്ചുകളായിരുന്ന ആ പ്രശംസകൾ എന്നവൻ മനസ്സിലാക്കിയില്ല. വേഗ

ത്തിൽ ചിറകിട്ടടിച്ച ദേഹമൊക്കെ കുടഞ്ഞു് കാലിന്മേൽ നീണ്ടുനിവർന്നു നിന്നു. കൊക്കുനീട്ടി തല ഉയത്തി ഗംഭീരഭാവത്തിൽനിന്നു കണ്ണടച്ചുകൊണ്ടു് അവൻ പാടുവാൻ തുടങ്ങി.

മാസ്റ്റർ റസ്സൽ—അതായിരുന്നു കുനരിയുടെ പേരു്— പാട്ടിൽ ശ്രദ്ധിച്ചു കണ്ണുംമിഴിച്ചു് അല്പം അകലത്തിൽ നില്ക്കുകയായിരുന്നു. രാഗം മുറുകിയെന്നു കണ്ടപ്പോൾ ഒറ്റച്ചാട്ടത്തിനു് ശാന്തിക്ലീറിന്റെ കൊക്കു് റസ്സൽ തന്റെ നീണ്ട വായ്ക്കുള്ളിൽ കുടുക്കിക്കളഞ്ഞു. ചുറ്റും ഒരു നോട്ടം നോക്കിയിട്ടു് റസ്സൽ ഒരൊറ്റപ്പാച്ചിൽ പാഞ്ഞു. അടുത്തുള്ള കാട്ടിൽചെന്നിട്ടേ അവൻ നിന്നൊള്ളു.

പാത്തലത്തയും സഹോദരികളും ഓടിയെത്തിയപ്പോഴെക്കും കുനരി പമ്പ കടന്നിരുന്നു. അവർ ക്രുദ്ധം ക്രൂടി നിലവിളി തുടങ്ങി. ആ നഗരം മുഴുവനും കേൾക്കത്തക്കവിധം പിടക്കോഴികൾ ക്രൂവിക്കരഞ്ഞു. പാത്തലത്തയുടെ മുറവിളി എല്ലാവരുടേതിനുംകാൾ ഉച്ചത്തിലുള്ളതായിരുന്നു.

ഈ ക്രുദ്ധക്കരച്ചിൽ കേട്ടു് അവയുടെ ഉടമസ്ഥയായ വിധവയും മക്കളും ഓടിവന്നു നോക്കിയപ്പോൾ കായ്യം മനസ്സിലായി. പൂവനെയും തട്ടിക്കൊണ്ടു് വയലിൽ ചാടി കാട്ടിലേക്കോടുന്ന കുനരിയെ അവർ കണ്ടു.

"ദാ കുറുക്കൻ വന്നേ കുറുക്കൻ! കോഴിയെ തട്ടി ക്കൊണ്ടുപോയേ! കുറുക്കൻ! കുറുക്കൻ! എന്നുള്ള മുറ വിളി അവിടൊക്കെ മുഴങ്ങി. കല്ലും വടിയും ഒക്കെയായി ആൾക്കാർ ഓടിയെത്തി. എല്ലാവരും കുറുക്കന്റെ പിന്നാലെ ഓട്ടം തുടങ്ങി. വിധവയുടെ നായ്ക്കളും, പശു ക്കളും പന്നികളുംകൂടി ഈ ബഹളങ്ങൾ കണ്ടു ഭയന്നു. നായ്ക്കൾ ഉച്ചത്തിൽ കുരച്ചുകൊണ്ടിരുന്നു. പക്ഷികളും മൃഗങ്ങളും പേടിച്ചു വിറച്ചു. അവയൊക്കെയും ഓരോ കോണുകളിൽ ഒളിച്ചിരിപ്പായി. സർവ്വത്ര ബഹളവും ഓട്ടവും ചാട്ടവും ആർത്തുവിളിക്കലും തന്നെയായിരുന്നു. ശാന്തിക്കുറിനെ കുറുക്കൻ തട്ടിക്കൊണ്ടുപോയതിന്റെ ഘോഷം നാടൊക്കെ ഇളക്കിമറിച്ചതുപോലെ തോന്നി.

എന്നാൽ വിധിയുടെ മാറ്റം അത്ഭുതകരമായിരു ന്നെന്നു നിങ്ങൾ മനസ്സിലാക്കണം. ശാന്തിക്കുറിൻ ഭാഗ്യ വാനായിരുന്നു. അവൻ റസ്സലിന്റെ വായിൽപെട്ട ഞെരിഞ്ഞിരുന്നപ്പോഴും പുറമേ പാട്ടമുണ്ടായ ബഹളങ്ങൾ കേൾക്കാമായിരുന്നു. അവൻ എങ്ങനെയും റസ്സലിന്റെ വായിൽനിന്നും രക്ഷനേടണമെന്നുറച്ചു. ആലോചന തുടങ്ങി. ഓരോ ഉപായങ്ങൾ അവനു തോന്നി. അവൻ മെല്ലെ കുറുക്കനോടു പറഞ്ഞു:—"അല്ലാ! ചങ്ങാതീ എനിക്കീ മനുഷ്യരുടെ ബഹളംകണ്ടിട്ടു വെറുപ്പുതോ ന്നുന്നു. അവക്കെന്തു ചേതമാണു് ചങ്ങാതി എന്നെ തൂക്കിക്കൊണ്ടു പോകുന്നതിൽ? ഞാൻ ചങ്ങാതിയുടെ

സ്ഥാനത്തായിരുന്നെങ്കിൽ ഇതു കേട്ടുംകൊണ്ടു് ഓടിപ്പോകയില്ല. തിരിഞ്ഞുനില്ക്കും. എന്നിട്ടു് ക്രുസൽക്രുടാതെ അവരെ പരിഹസിക്കും. "നിങ്ങൾക്കെന്താ ഭ്രാന്താണോ, നിങ്ങളെന്തുപറഞ്ഞാലും ഈ പൂവൻ എന്റെ ക്രുടെയേ വരു. അവനെ കുശാലായിട്ടു ഞാൻ സാപ്പിട്ടും" എന്നു ഞാനവരോടു പറയുമായിരുന്നു. കുക്കൻ ഒന്നു ഞെളിഞ്ഞു. ഞാനോ?, എന്റെ ചങ്ങാതി! ഞാനതും അതിലപ്പുറവും ചെയ്യും. ടാ, നോക്കിക്കോ! ഇവരെയെല്ലാം ഞാൻ ആട്ടിയോടിച്ചേക്കുന്നുണ്ടു്" എന്നു പറഞ്ഞു വായ് മുഴുവനും പൊളിച്ചു. ശാന്തിക്ലീർ അവന്റെ കടി വിട്ടു വായിൽനിന്നും താഴെവീണു ഭയപ്പെടാതെ അവൻ ഒന്നു കുടഞ്ഞു് എഴുനേറ്റു നേരെ നിന്നു. കുക്കൻ വാശിയോടെ അവന്റെ പുറകേ ഓടിവരുന്നവരെ നോക്കി പരിഹസിച്ചുകൊണ്ടു ക്രുകയായിരുന്നു. അവൻ തിരിഞ്ഞുനോക്കിയപ്പോഴേക്കും ശാന്തിക്ലീർ ഒരു പറക്കലിനു് അടുത്തുണ്ടായിരുന്ന മരക്കൊമ്പിൽ എത്തിയിരിപ്പായി. അവിടെയിരുന്നു കിഴോട്ടു നോക്കിയപ്പോഴാണു് കുക്കൻ അവനെക്കണ്ടതു്. കുക്കനു് പററിയ അമളി നോക്കി ശാന്തിക്ലീർ മനസ്സിൽ ചിരിക്കയായിരുന്നു. കുക്കനും തന്റെ മഠയത്തരത്തിൽ ഇളിഭ്യനായെങ്കിലും ഭാവഭേദം കാണിച്ചില്ല. അവൻ മരത്തിലിരുന്ന ശാന്തിക്ലീറിനെ നോക്കിക്കൊണ്ടു് പറഞ്ഞു:— "ചങ്ങാതീ, ക്ഷമിക്കണം. നിന്നെ ഞാൻ

ഇവിടംവരെ കൊണ്ടുവന്നപ്പോൾ നിനക്കു് ഭയമായെന്നു തോന്നുന്നുവല്ലോ. എന്നെ ഒന്നുകൊണ്ടും തെറ്റിദ്ധരിക്കരുതു്. ഞാനങ്ങിനെയൊന്നും ചതിക്കുന്ന ആളല്ലെന്നു് അറിയാമല്ലോ. ശരി, ഏതായാലും താഴെ ഇറങ്ങിവരൂ, സംഗതിയെല്ലാം ഞാൻ പറഞ്ഞു കേൾപ്പിക്കാം. നിന്നെ ഒന്നും ഉപദ്രവിക്കയില്ലെന്നു സത്യം ചെയ്യുന്നു."

പക്ഷെ ഈ സൂത്രമൊന്നും ഫലിച്ചില്ല. ഒരിക്കൽ പറഞ്ഞതു പറഞ്ഞു, രണ്ടാമതും കെണിയിൽ പെടുകയോ? അതില്ല എന്നുതന്നെ ശാന്തിക്കുട്ടി ഉറച്ചു.

"വേണ്ട വേണ്ട, നീ ഒരിക്കലെന്നെ പറഞ്ഞിച്ചിട്ടില്ലേ അതുമതി. കണ്ണു തുറന്നിരിക്കേണ്ടപ്പോൾ അടച്ചിരിക്കുന്നവൻ മഠയനാണു്. അതിന്റെ വില അവൻ അനുഭവിച്ചേ മതിയാകൂ."

കുഞ്ഞൻ ഇതുകേട്ടു മഞ്ഞളിച്ചു. അവൻ പറഞ്ഞു: "അതു ശരിയാണു് ഞാനും സമ്മതിക്കുന്നു. വായു് അടച്ചുപിടിക്കേണ്ടപ്പോൾ തുറന്നുവച്ചാൽ അതിന്റെ കെട്ടതൽ അവനും അനുഭവിക്കണം."

കുഞ്ഞൻ എങ്ങോട്ടുപോയെന്നു കണ്ടില്ല. ശാന്തിക്കുട്ടി മരത്തിന്മീതെ പറന്നു പറന്നു സ്വന്തം വീട്ടിലെത്തി. ഇങ്ങനെ സ്വപ്നത്തിൽകണ്ട ശകുനം ഫലിച്ചതുകണ്ടു് പാർത്തലത്തയും സഹോദരിമാരും അത്ഭുതപ്പെട്ടു.

പാതിരി കഥപറഞ്ഞു് അവസാനിപ്പിച്ചുകൊണ്ടു് ഒരു ഗുണപാഠം ചൂണ്ടിക്കാണിച്ചു—അമിതമായി പുകഴ്ത്തുന്നതു കേട്ടു് ആരും ഇളകിപ്പോകരുതു്. ബുദ്ധിയുണ്ടെങ്കിൽ ആപത്തിൽനിന്നും രക്ഷപ്പെടാം.

ഈക്കഥ രണ്ടാംദിവസം ഒട്ടുവിൽ പറഞ്ഞതാണു്. അപ്പോഴേയ്ക്കും തീർത്ഥയാത്രാസംഘം റോച്ചസ്റ്ററിൽ എത്തിയിരുന്നു. അന്നു രാത്രി അവർ അവിടെ വിശ്രമിക്കയായിരുന്നു.

മൂന്നു ചങ്ങാതികൾ

മൂന്നാംദിവസം പലരും കഥപറയാനുണ്ടായിരുന്നു. അക്കൂട്ടത്തിൽ പാർദനർ പറഞ്ഞ കഥയാണ് ഇനി വിവരിക്കുന്നത്. അയാൾക്കു വേണ്ടുവോളം ഭക്ഷണവും വൈനും കൊടുത്തു് ഉശാറാക്കി. എല്ലാവരും കഥ കേൾക്കാൻ തയ്യാറി. അപ്പോൾ പാർദനർ കഥ ആരംഭിച്ചു.

ഫ്ളാണ്ടേഴ്സ് എന്നൊരു രാജ്യമുണ്ടു്. അവിടെ കുറെ ചെറുപ്പക്കാരുണ്ടായിരുന്നു. അവരെപ്പോഴും ആഘോഷിച്ചു കഴിയുന്ന കൂട്ടരായിരുന്നു. മദ്യശാലകളിൽ കയറി വയറുനിറയെതിന്നണം; മുക്കറ്റം കുടിയ്ക്കണം, ചൂതു കളിക്കണം, കിടന്നു മറിയണം; ഇതൊക്കെയാണ് അവരുടെ വിനോദങ്ങൾ. മഹാ മടിയന്മാരാണ്. കണ്ടവരുടെ സാധനങ്ങൾ കവർന്നെടുക്കാൻ ബഹുവിരുതാണ് അവർക്ക്. നല്ലവരെക്കാണുന്നതും, നല്ല പ്രവൃത്തികൾ ചെയ്യുന്നതും അവർക്കു പുച്ഛമായിരുന്നു. ലോകത്തിൽ അവരേ നല്ലവരായിട്ടുള്ളൂ എന്നാണവർ വിചാരിച്ചിരുന്നതു്. ഒരിക്കൽ ഇവരിൽ മൂന്നുപേരുകൂടി ഒരു മദ്യശാലയിൽ തിന്നും കുടിച്ചും മദിച്ചിരിക്കയായിരുന്നു. അപ്പോൾ തെരുവിൽ കേൾക്കാം ഒരു മണിക്കിലുക്കം.

ഒരു ശവശരീരം ശ്മശാനത്തിലേക്കുകൊണ്ടുപോകുന്ന യാത്ര അതിലെ വരുന്നുണ്ടെന്നു് അറിയിക്കുന്ന മണിയായിരുന്നു അതു്. മണിയുടെ ശബ്ദം കേട്ടു് അവർ ഞെട്ടിയുണർന്നതുപോലെ തെരുവിലേക്കു ശ്രദ്ധിച്ചു. അതിലൊരുത്തനു് ആ ശവം ആരുടേതാണെന്നു് സൂക്ഷ്മം അറിഞ്ഞേതീരു എന്നായി. ഒരു വേലക്കാരനെ വിളിച്ചു് മരിച്ചയാളിന്റെ ശരിയായ പേരു ചോദിച്ചറിഞ്ഞുവരാൻ ശട്ടംകെട്ടി ഉടനെതന്നെ അയച്ചു. ആ വേലക്കാരൻ അതു കേട്ടയുടനെ സമാധാനം പറഞ്ഞു—"മാസ്റ്റർ, ഇതറിയാൻവേണ്ടി ഞാൻ അവിടെ പോകണമെന്നില്ല. അതാരുടെ ശവമാണെന്നു് രണ്ടുമണിക്കൂർ മുമ്പേതന്നെ ഞാനറിഞ്ഞിരിക്കുന്നു. അതു് മറ്റാരുടേതുമല്ല. ഇന്നലെ ഇവിടെ നിങ്ങളുടെ ക്രൂടെവന്നു് കുടിച്ചിട്ടുപോയില്ലേ ഒരു ചങ്ങാതി, അയാളുടേതു തന്നെ. അയാളിവിടെ കസേരയിന്മേൽ ഇരിക്കുമ്പോഴും മരണം എന്നു പറയുന്ന ഒരു കള്ളൻ ഒരു കുന്തവും പിടിച്ചുകൊണ്ടു് അയാളുടെ ഹൃദയത്തിൽക്കൂടി ഒളിച്ചു കടന്നുപോയി. ആ കള്ളൻ ഈ രാജ്യത്തുള്ള അനവധിപേരെ നശിപ്പിച്ചിട്ടുള്ളവനാണു്. അതുകൊണ്ടു് മാസ്റ്റരെ നിങ്ങളും, കരുതലോടുകൂടി ഇരുന്നുകൊള്ളുക. ഒരുപക്ഷേ അവൻ കടന്നുവന്നു് നിങ്ങളെയും ആക്രമിച്ചേക്കും. അതുകൊണ്ടു് മുൻകരുതൽ ഇരുന്നോട്ടേ. ഇതെന്റെ അമ്മ എന്നെ പഠിപ്പിച്ചിട്ടുള്ളതാണു്." ഈ വർത്തമാനം കേട്ടുകൊണ്ടു

നിന്ന മദ്യശാലക്കാരൻ അതു തലകുലുക്കി സമ്മതിച്ചു. "അവൻ പറയുന്നതു് ശരിയാണു്. ആ മരണമെന്നു പറയുന്ന ശത്രു ഇക്കൊല്ലംതന്നെ അനവധിപേരെ കൊന്നൊടുക്കിയില്ലേ. ഇവിടുന്നു് ഒരു മൈലിൽ കൂടുതലില്ല ആ ഗ്രാമത്തിലേക്കു്. അവിടെയുള്ള സ്ത്രീകളെയും പുരുഷന്മാരെയും കുട്ടികളെയും വേലക്കാരെയും എന്നു വേണ്ട സകലരെയും അവൻ നശിപ്പിച്ചുകളഞ്ഞു. എന്റെ വിശ്വാസം അവൻ അവിടെത്തന്നെ ഇപ്പോഴും താമസിക്കുന്നുണ്ടെന്നാണു്. അവൻ മുന്നറിവൊന്നും തരാതെ നമ്മളിൽ ആരെ വേണമെങ്കിലും ഏതു സമയത്തും ആക്രമിച്ചേക്കാൻ ഇടയുണ്ടു്. അതുകൊണ്ടു് നമ്മൾ കരുതിയിരിക്കണമെന്നാണു് എനിക്കും തോന്നുന്നതു്."

അപ്പോൾ അതിലൊരുവൻ പറയുകയാണു്— "നല്ല കാര്യംതന്നെ! ങ്ഹാ ഇതു ഭയങ്കരനാണോ അവൻ. എന്നാൽ നോക്കിയിട്ടുതന്നെ കാര്യം. ഞാൻ ശപഥംചെയ്യുന്നു, അവനെ കണ്ടുപിടിച്ചുല്ലാതെ അടങ്ങുകയില്ലെന്നു്. ഇതുവരെ അധികംപേരെ കൊന്നൊടുക്കിയ ഇടിമരണം എന്നു പറയുന്ന തെമ്മാടിയെ നമ്മൾ മൂന്നുപേർകൂടി ശ്രമിച്ചാൽ തീർച്ചയായും കൊല്ലുവാൻ കഴിയും."

അവർ മൂന്നുപേരുംചേർന്നു് നാക്കിൽവന്ന അസഭ്യങ്ങളെല്ലാം വിളിച്ചുപറഞ്ഞു. മൂവരും പരസ്പരം സഹാ

യിക്കാനും ജീവൻ വെടിഞ്ഞുപോലും ആ കള്ളനെ കണ്ടു പിടിയ്ക്കുവാനും ശപഥം ചെയ്തു. അനന്തരം വേണ്ടുവോളം തീനും കുടിയും കഴിഞ്ഞശേഷം അവർ മദ്യശാലക്കാരൻ പറഞ്ഞ ഗ്രാമത്തിലേക്കു പുറപ്പെട്ടു. മരണം ഒളിച്ചിരിക്കുന്നതു് അവിടെയാണെന്നാണല്ലോ പറഞ്ഞിരുന്നതു്—കഴിയുമെങ്കിൽ സന്ധ്യയ്ക്കു മുമ്പുതന്നെ അവനെ പിടിക്കുടണമെന്നു കരുതിക്കൊണ്ടാണു് പുറപ്പെട്ടതു്.

കഷ്ടിച്ചു് അരമൈൽ നടന്നുകാണും, അപ്പോൾ വഴിയിൽ ഒരു കൈപ്പൂണ്ടിപ്പലകയുടെ സമീപംവച്ചു് ഒരു വൃദ്ധനെക്കണ്ടുമുട്ടി.

ആ വൃദ്ധൻ ഈ ചെറുപ്പക്കാരെക്കണ്ടപ്പോൾ വന്ദനം പറഞ്ഞു് ദൈവം തുണയ്ക്കട്ടെ എന്നു് ആശംസിച്ചു. ഇതുകേട്ടു് അവരിൽ തികഞ്ഞ ഒരു തെമ്മാടി ആ വൃദ്ധനെ പരിഹസിക്കയാണു ചെയ്തതു്. "ങേ—കിളവനെന്താ പറഞ്ഞതു്? താനെന്താ മുഖമൊഴിച്ചു ബാക്കിയെല്ലാം തുണിയിൽമൂടി നടക്കുന്നതു്? ആരും തിരിച്ചറിയരുതെന്നു വിചാരിച്ചിട്ടോ? പട്ടകിഴവനായല്ലോ. എന്തിനിത്രകാലം താൻ ചകാതെ കഴിയുന്നു?" കിഴവൻ അതിനുത്തരം പറഞ്ഞു—"ഞാനീലോകം മുഴുവൻ തെരഞ്ഞിട്ടും യൗവനത്തിനുപകരം വാർദ്ധക്യം സ്വീകരിക്കാൻ തയ്യാറുള്ള ഓരൊറ്റയാളെപ്പോലും

കാണുവാൻ കഴിഞ്ഞില്ല, അതുകൊണ്ട് ഈശ്വരന്റെ കല്പന ഞാനിങ്ങനെ വയസ്സനായിട്ടിരിക്കണമെന്നായിരിക്കും. മരണം വന്ന് എന്നേ എല്ലാ കഷ്ടതകളിൽ നിന്നും മോചിപ്പിക്കുന്നതുവരെ ഇങ്ങനെ ജീവിക്കയേ നിവൃത്തിയുള്ളല്ലോ. അതുകാരണം ദിവസവും ഞാനിങ്ങനെ നടന്ന് മരണത്തിന്റെ വരവുകാത്തു കഴിച്ചുകൂട്ടുകയാണ്. നടക്കുന്നവഴിയിൽ ഈ വടികൊണ്ട് ഇടിച്ചു നോക്കാറുണ്ട് എന്റെ മാതാവിന്റെ വസതിയെവിടെയാണെന്നു—എന്നിട്ട് ഞാൻ പറയും—എന്റെ അമ്മേ, എന്നെക്കൂടി അകത്തേക്കു കടത്തിവിടുക. ഞാനൊരു പത്തൽപോലെ ഉണങ്ങി എല്ലും തൊലിയും മാത്രമായി ശേഷിച്ചതു കണ്ടില്ലേ? എന്റെ ജീവിതംകൂടി എടുത്തു നിത്യവിശ്രമം തരണേ" എന്ന്. എന്നിട്ടും എന്റെ പ്രാർത്ഥന കൈക്കൊണ്ടിട്ടില്ല. അതുകാരണം എന്റെ മുഖമെല്ലാം വിളറിയും, തല നരച്ചും ഈ രൂപത്തിലായതാണ്. എന്റെ പ്രായത്തെ ഓർത്ത് നിങ്ങളെന്നെ ഒന്നും ഉപദ്രവിക്കരുതേ. പുണ്യമുണ്ട് നിങ്ങളെ ദൈവം സഹായിക്കും."

ഈ വർത്തമാനം ശ്രദ്ധിച്ചപ്പോൾ അവരിലൊരുത്തൻ പറഞ്ഞു—പാടില്ല പാടില്ല. തനിക്കു ആ കള്ളൻ മരണത്തിനെ അറിയാമെന്നു തന്റെ സംസാരം കേട്ടിട്ടു തോന്നുന്നു. പലരെയും കൊന്നൊടുക്കിയ ആ കള്ളനെ

തേടിയാണു് ഞങ്ങൾ പുറപ്പെട്ടിട്ടുള്ളതു്. താൻ അവന്റെ കൂട്ടുകാരനാണെന്നു തോന്നുന്നുവല്ലോ. സത്യം പറയൂ. ഏതായാലും അവന്റെ ഇരിപ്പിടം ഞങ്ങളെ കാണിച്ചുതന്നില്ലെങ്കിൽ തന്റെ കഥ ഇപ്പോൾത്തന്നെ കഴിക്കുന്നുണ്ടു്."

വുഡ്സൻ അവരുടെ നിർബ്ബന്ധംകേട്ടു് ഇങ്ങനെ പറഞ്ഞു—ചങ്ങാതികളെ, നിങ്ങൾക്കു് മരണത്തെ കണ്ടേ മതിയാവൂ എന്നാണെങ്കിൽ ഞാൻ വഴി പറഞ്ഞു തരാം. ഈ വളഞ്ഞവഴിയേ കുറച്ചുദൂരം ചെല്ലുമ്പോൾ ഒരു ചെറിയ കാടു് കാണും. അതിനുള്ളിൽ ഒരു വലിയ മരത്തിന്റെ ചുവട്ടിലാണു് അവൻ ഇരിക്കുന്നതു്. നിങ്ങൾ അവനെക്കണ്ടു് ഭയപ്പെടാനില്ല. നിങ്ങളുടെ ശബ്ദം കേൾക്കുമ്പോൾത്തന്നെ അവനോടി ഒളിക്കാൻ നോക്കും—അതാ നോക്കൂ ആ വലിയമരം കാണുന്നില്ലേ, അതുതന്നെ സ്ഥാനം. നിങ്ങൾ പൊയ്ക്കോളിൻ. ദൈവം സഹായിക്കട്ടെ."

വുഡ്സൻ ഇതു പറഞ്ഞുതീരുന്നതിനു മുമ്പേതന്നെ ഓരോരുത്തരും ആ വലിയ മരത്തിന്റെ ലക്ഷ്യംനോക്കി ഓടിത്തുടങ്ങി. മൂന്നുപേരും ഓടി മരത്തിന്റെ ചുവട്ടിലെത്തിയെങ്കിലും ആർക്കും മരണത്തിനെ കാണാൻ കിട്ടിയില്ല. പക്ഷെ അതിനുപകരം അവിടെക്കണ്ടതു് ഒരു ക്രൂന സ്വർണ്ണനാണയങ്ങളായിരുന്നു. ഒരു ക്രൂനസ്വർണ്ണം

കണ്ടപ്പോൾ അവർ 'മരണത്തിന്റെ' കായ്യം മറന്നേ പോയി. അവരതിന്റെ പുറകും ഇരുന്നുകൊണ്ട് ആ വിലപിടിച്ച സാധ്യത് എന്തുചെയ്യണമെന്നാലോചന തുടങ്ങി.

അവരിൽ ഒരുവൻ ഒരഭിപ്രായം ആദ്യം പുറപ്പെട്ടു വിച്ചു. അതിങ്ങനെയാണ്-"സഹോദരന്മാരെ, ഞങ്ങടെ എപ്പൊഴും തമാശയും നേരമ്പോക്കുംകൊണ്ടു കളിക്കുമെ ങ്കിലും ഞാനൊരു ബുദ്ധിമാനാണ് കൂടിയാണ്. എന്നോട്ട വിശ്വാസമുണ്ടെങ്കിൽ ഞാൻ പറയുന്നതു കേൾക്കുക. ഈ ധനം നമുക്ക് വെറുതേ കിട്ടിയതാണ്. ഇനിയുള്ള കാലം നമുക്ക് ഇതനുഭവിച്ചുകൊണ്ട് ജോളിയായി കഴി ച്ചുകൂട്ടാം. വെറുതേ കിട്ടിയ സാധ്യത് അങ്ങനെ ചെല വാക്കാനുള്ളതാണ്. ആരു വച്ചിട്ട പോയതായാലും ഇപ്പോഴിതു നമ്മുടേതായിക്കഴിഞ്ഞിരിക്കുന്നു."

വീണ്ടും അവൻ തുടർന്നു.—"ആകട്ടെ നമ്മളം ഇതു എടുത്തുകൊണ്ട് പോകുകയാണെങ്കിൽ പകലെങ്ങും അതിനു നിവൃത്തിയില്ല. ആളുകളം കണ്ടാൽ നമ്മളം കള്ളന്മാരാണെന്നു നിശ്ചയിക്കും. തന്നെയല്ല മറവുള്ള വർ നമ്മളെ വെറുതേ വിടുകയുമില്ല. അതുകൊണ്ട് നമുക്ക് രാത്രിയാകുന്നതുവരെ കാത്തിരിക്കുക. രാത്രി യായാൽ ഇതുംകൊണ്ട് നമുക്ക പോകാം".

വീണ്ടും ആലോചിച്ചിട്ട അവൻതന്നെ തുടർന്നു. "ഞാനൊരു കാര്യം പറയട്ടെ. നമുക്കു വിശപ്പടക്കാൻ വല്ലതും കൊണ്ടുവരാതെ കഴിയുമോ? ഇല്ല. ആരെങ്കിലും ഠൗണിൽപോയി ഭക്ഷണസാധനങ്ങൾ വാങ്ങിക്കൊണ്ടുവരണം. ആരാണ് പോകേണ്ടതെന്നാണ് പിന്നെ നിശ്ചയിക്കാനുള്ളത്. അതിനെപ്പറ്റി അത്ര ആലോചിക്കാനൊന്നുള്ളൂ, കുറിയിട്ടുക തന്നെ. പോകുന്നയാൾ പോകണം. മറ്റു രണ്ടുപേരും അവൻ വരുന്നതുവരെ ഈ നിധി സൂക്ഷിച്ചുംകൊണ്ടിരിക്കണം. രാത്രിയാകുമ്പോൾ നമുക്ക് ഒന്നിച്ച് ഇതുംകൊണ്ട് തിരികെപോകാം. എന്താ അങ്ങനെയല്ലേ?"

മറ്റു രണ്ടുപേരും ഈ നിർദ്ദേശം സ്വീകരിച്ചു. മൂന്നുപേരുടേയും അടയാളം നിശ്ചയിച്ചു കുറിയിട്ടു. കുറി വന്നതു് അവരിൽ വച്ച് ഏറ്റവും ഇളയവനായിരുന്നു. ഒട്ടും താമസിക്കാതെ അവൻ ഠൗണിലേക്കു ഭക്ഷണസാധനത്തിനായി പുറപ്പെടുകയും ചെയ്തു.

അവൻ പോയി അല്പം കഴിഞ്ഞയുടനെ ഈ പ്ലാൻ പറഞ്ഞവൻ അവന്റെ ചങ്ങാതിയോടു് ഒരു വിദ്യ പറഞ്ഞു.– സ്നേഹിതാ നീ എന്റെ ഉറ്റ സഹോദരനാണ്. നിനക്കു ലാഭകരമായ ഒരു സംഗതി ചെയ്താൽ നീ സമ്മതിക്കുമോ? കേട്ടോ പറയാം. ഇതുയും

സ്വർണ്ണം നമുക്കു മൂന്നുപേക്കും കൂടി പങ്കിടാനല്ലേ ഉദ്ദേശിക്കുന്നതു്. എന്നാൽ അവനങ്ങു പോയില്ലേ അവൻ പോകട്ടെ നമുക്കു രണ്ടാൾക്കുകൂടി ഇതു പങ്കു വയ്ക്കുയാണെങ്കിൽ നിനക്കു നേർപകുതി കിട്ടും! തീർച്ചയല്ലേ? അപ്പോൾ ഞാൻ നിനക്കെത്ര ഉപകാരമല്ലേ ചെയ്യുന്നതു്. അവനും കൂടി പങ്കിട്ടാൽ നിനക്കു മൂന്നിലൊന്നേ കിട്ടുകയുള്ളൂ. അപ്പോൾ ഏതാണു് ലാഭം? നീയെന്താണു് ഒന്നും മിണ്ടാത്തതു്?

"തീച്ചയായും എനിക്കു് പകുതി കിട്ടുകയാണെങ്കിൽ അതല്ലേ ചേട്ടാ ലാഭം. പക്ഷെ എങ്ങനെയാണു് അവനും കൂടെ അറിഞ്ഞിരിക്കുമ്പോൾ നമ്മൾ തനിച്ചൊട്ടക്കുന്നതു്. അതിനെന്താ വഴി? എന്നു മടിപടി പറഞ്ഞുകൊണ്ടു് മറവൻ ആലോചനയിൽ മുഴുകി.

അതിനു സമാധാനം ഉടനെ നൽകി:- "അതിനൊക്കെ വഴിയുണ്ടു്. ഞാൻ പറയുന്ന രഹസ്യം നീ ഭദ്രമായി സൂക്ഷിക്കുമോ?" ഈ ചോദ്യത്തിനുത്തരം പെട്ടെന്നുപറഞ്ഞു -""തീച്ചയായും! ഞാൻ അതാരോടും പറകയില്ല, സത്യം."

'ശരി,' അവൻ തുടർന്നു.- ''നമ്മൾ രണ്ടാൾ ഇവിടെയുണ്ടു്. ഒരുത്തനേക്കാൾ ശക്തരാണു് നമ്മൾ രണ്ടു പേർ. പോയവൻ തിരിച്ചു വന്നശേഷം അവൻ വിശ്വ

മിയ്ക്കാനായിരിക്കുമ്പോൾ നീ ചാടി എഴുനേറ്റ് അവനമായി ഒരു ഗുസ്തിയുദ്ധമയാറാകണം. നിങ്ങൾ രണ്ടാളും ക്രൂടി ഗുസ്തി പിടിച്ചുകൊണ്ടിരിക്കുമ്പോൾ അവൻറെ നെഞ്ചിൽ കഠാരി കുത്തിയിറക്കുന്ന കായ്യം ഞാൻ ചെയ്യ കൊള്ളാം. നീയും കുത്തുന്നതിൽ തെറ്റില്ല, അതുകാമെങ്കിൽ. എന്നാൽ പിന്നെ നമ്മളല്ലേ ശേഷിക്കുക. ഈ ധനം മുഴുവൻ നമ്മൾ രണ്ടാൾക്കുമായി പിന്നാരും ഇതിനവകാശികൾ ഉണ്ടാവില്ല. നമുക്കിതുകൊണ്ട് സുഖമായി ജീവിക്കാം".

ഈ പ്ലാൻ ഇരുവരും സമ്മതിച്ചു് കായ്യം രഹസ്യമായി മനസ്സിൽ വച്ചു. പോയ ചങ്ങാതിയുടെ വരവും കാത്തിരിപ്പായി. അവനാകട്ടെ ഠൗണിലേക്കു നടന്നു പോകുന്ന വഴിയിൽ മനസ്സിലെ വിചാരം മുഴുവൻ തിളങ്ങുന്ന, ആ സ്വർണ്ണക്രനയെപ്പറ്റിയായിരുന്നു. അവൻറെ വിചാരം ഒടുവിൽ ഇങ്ങനെയായി.— ആ സ്വർണ്ണം മുഴുവനും ക്രൂടി എനിക്കു മാത്രം കിട്ടുകയാണെങ്കിൽ ഞാനെത്ര ഭാഗ്യവാനാകും. പിന്നെ എന്നെക്കാൾ വലിയവൻ ലോകത്തിലാരെങ്കിലുമുണ്ടാകുമോ?. അവൻറെ പിന്നത്തെ വിചാരം മുഴുവൻ മറ്റു രണ്ടു ചങ്ങാതിമാരെയും കൊല്ലുവാനുള്ള ഉപായമെന്താണെന്നായിരുന്നു. അവക്കു കൊടുക്കുവാൻ കൊണ്ടുപോകുന്ന ഭക്ഷണത്തിൽ വിഷം കലർത്തുവാനാണു് അവൻ നിശ്ചയിച്ച വിദ്യ.

അവൻ ടൗണിൽ എത്തിയയുടനെതന്നെ ഒരു മരുന്നു ഷാപ്പിൽ കയറി ശക്തിയുള്ള കുറച്ച് എലിപ്പാഷാണം വാങ്ങി. ഷാപ്പുകാരൻ അവനോട് പ്രത്യേകം പറഞ്ഞു ഇതു സാധാരണ എലിവിഷമല്ല. ഒരുതിന്നാലും ഉടനെ മരിച്ചു പോകുന്നതാണ്. അതുകൊണ്ട് അപകടമുണ്ടാകാതെ സൂക്ഷിച്ചു വയ്ക്കണം എന്ന്. ഒരു നെല്ലിട നാക്കിലിട്ടാൽ മതി, ഒരു മനുഷ്യൻ ചത്തുവീഴാൻ. അത്രയും ശക്തിയുള്ള വിഷമായിരുന്നു അത്. അതുതന്നെയാണു തനിക്കു വേണ്ടതു് എന്നു സന്തോഷവിചാരത്തോടുകൂടി അവൻ വിഷം ഭദ്രമായി പോക്കറ്റിൽ സൂക്ഷിച്ചു. പിന്നീട് അടുത്തൊരു കടയിൽ നിന്നും മൂന്നു കാലിക്കുപ്പികളും വാങ്ങിച്ചു. അതിൽ രണ്ടെണ്ണത്തിലായി അവൻ ആ വിഷം പകുത്തിട്ടു. മൂന്നാമത്തെ കുപ്പിയിൽ ഒന്നും ഇട്ടില്ല. അതു് അവനു് സ്വന്തം ആവശ്യത്തിനുള്ള ഭക്ഷണം നിറയ്ക്കാനായിരുന്നു. അതിനു ശേഷം ഒരു മദ്യശാലയിൽ കയറി മൂന്നു കുപ്പികളും നിറയെ വൈൻ വാങ്ങിച്ചു. തിന്നാനുള്ള പലഹാരങ്ങളും സഞ്ചിയിലാക്കിക്കൊണ്ട് അവൻ വേഗം ചങ്ങാതിമാരുടെ അടുത്തേയ്ക്കു മടങ്ങിപ്പോന്നു. അവൻ തിരിച്ചെത്തിയപ്പോഴേക്കും മറ്റു രണ്ടുപേരും ഇവനെ കൊല്ലാനുള്ള തയ്യാറിൽ ഇരിക്കുകയായിരുന്നു. അവരങ്ങനെ പണി പറ്റിക്കയും ചെയ്തു. ആ മഹാദുഷ്ടൻ ആദ്യം തന്നെ അവന്റെ ചങ്ങാതിമാരുടെ കുത്തേറ്റു മരിക്കേണ്ടിവന്നു. അതുകഴി

ഞങ്ങളെപ്പോലും മറവു രണ്ടു പേരും ക്രൂടി ഇനിയെന്താണു് വേണ്ടതെന്നായി ആലോചന. ഒരാൾ പറഞ്ഞു ഏതായാലും ഇനി നമുക്കു ഇതുള്ള കുടിക്കയും തിന്നുകയും ആവാം. അതിനുശേഷം ഇവന്റെ ശവം മറവു ചെയ്യണം. എന്നു പറഞ്ഞുകൊണ്ടു് അവൻ ഒരു കുപ്പിയെടുത്തു. അതിൽനിന്നും പകുതി വൈൻ കുടിച്ചിട്ടു് ബാക്കി ക്രൂട്ടുകാരനും കൊടുത്തു. രണ്ടുപേരും കുടിച്ചു. പക്ഷെ അല്പം കഴിയുന്നതിനുള്ളിൽ രണ്ടുപേരുടെയും ജീവൻ പുറകോട്ടു മലന്നു വീഴുകയാണുണ്ടായതു്.

ഇങ്ങനെ ആ ദുഷ്ടന്മാരായ മൂന്നു സ്നേഹിതന്മാരും അവരുടെ ശവക്കുഴിയിൽ വച്ചു് മരണത്തെ കണ്ടുമുട്ടുകതന്നെ ചെയ്തു. പക്ഷെ അവർ ആഗ്രഹിച്ചതുപോലെ മരണത്തെ കൊല്ലാൻ അവക്കു കഴിഞ്ഞില്ല എന്നു പറഞ്ഞു് ഈ കഥ അവസാനിപ്പിക്കാം.

കുശലതാകുമാരി

തീർത്ഥാടകർ വിശ്രമത്തിനായി . സ്വല്പസമയം ഒരിടത്തിരുന്നു. രാത്രിയിലത്തെ താമസത്തിനുള്ള സ്ഥലം അടുത്തുവരുന്നുണ്ടായതിനാൽ അവിടെ എത്തുമ്പോഴേക്കും ഒരു കഥകൂടി പറയാനുള്ള സമയമുണ്ടായിരുന്നു. അയാളുടെ കഥ ആരംഭിച്ചത് ഇങ്ങനെയാണ്.

"ഇറലിയുടെ പടിഞ്ഞാറുഭാഗത്ത് വിസ്സോ പർവ്വതത്തിന്റെ കിഴക്കായി ഒരു നല്ല രാജ്യമുണ്ടായിരുന്നു. സലൂസോ എന്നായിരുന്ന ആ മനോഹരമായ സ്ഥലത്തിന്റെ പേർ. വാൾട്ടർ എന്ന പേരായ ഒരു പ്രഭുവായിരുന്ന അവിടത്തെ ഭരണാധികാരി. അദ്ദേഹത്തിനു ജനങ്ങളോടു വളരെ താല്പര്യമായിരുന്നു. ജനങ്ങൾക്കു അദ്ദേഹത്തിന്റെ കീഴിൽ എതൃയും ക്ഷേമമായിരുന്നതിനാൽ ആ രാജ്യം ഐശ്വര്യപൂർണ്ണമായിക്കഴിഞ്ഞു. വാൾട്ടറുടെ കുടുംബം വളരെ അന്തസ്സും അഭിജാത്യവുമുള്ള ഒരു പഴയ തറവാടായിരുന്നു. അദ്ദേഹം യോഗ്യനും സുമുഖനും അതിശക്തനും ആയിരുന്നു. പക്ഷേ ഒരു ദൂഷ്യമുണ്ടായിരുന്നു. കളിവിനോദങ്ങളിലുള്ള അമിതമായ ഭ്രമം തന്റെ സമയമെല്ലാം നായാട്ടിനും കളികൾക്കും വേണ്ടി

വിനിയോഗിച്ചിരുന്നതിനാൽ അദ്ദേഹത്തിനു് രാജ്യഭര
ണകാര്യങ്ങളിൽ ശ്രദ്ധ വേണ്ടുവോളം ഉണ്ടായിരുന്നില്ല.

ജനങ്ങൾക്കു വാൽട്ടറിനെപ്പറ്റിയുണ്ടായിരുന്ന
ഒരുൽക്കണ്ഠ അദ്ദേഹം ഇനിയും വിവാഹം കഴിച്ചില്ലല്ലോ
എന്നാണു്. വിവാഹം കഴിഞ്ഞാലെങ്കിലും അനാവശ്യ
കാര്യങ്ങളിൽനിന്നും പിന്തിരിഞ്ഞു നേരാംവണ്ണം ജീവി
ക്കുമല്ലോ എന്നാണു് ജനങ്ങൾ ആഗ്രഹിച്ചതു്. ഏതാ
യാലും അദ്ദേഹത്തിനെക്കൊണ്ടു് വിവാഹകാര്യത്തിനു
സമ്മതിപ്പിക്കണമെന്നു് ജനങ്ങൾ നിശ്ചയിച്ചു. വാൽട്ട
റിനെക്കണ്ടു് വിവാഹകാര്യം സംസാരിക്കുവാൻ എല്ലാ
വരുംകൂടി ഒരാളിനെ തെരഞ്ഞെടുത്തു. അതിനുശേഷം
അയാളുടെ നേതൃത്വത്തിൽ ആ നിവേദകസംഘം വാൽ
ട്ടറിനെ ചെന്നു സന്ദർശിച്ചു. നായകനായിരുന്ന ആൾ
അദ്ദേഹത്തിനോടു് ആചാരമര്യാദകൾ ചെയ്തശേഷം
ഇങ്ങനെ സംസാരിച്ചു. "പ്രഭോ, അവിടന്നു് നീണാൾ
വിജയിച്ചാലും. പ്രജകളുടെ ഒരു വലിയ ആഗ്രഹം
അങ്ങയെ അറിയിക്കുന്നതിനാണു് ഞങ്ങൾ വന്നിട്ടുള്ളതു്.
അതു് ദയവായി കേട്ടു് അനുഗ്രഹിച്ചാലും—

അവിടന്നു് ഇതേവരെയും വിവാഹംചെയ്തു കാണാ
ത്തതിൽ ജനങ്ങൾക്കു് വളരെ ഉൽക്കണ്ഠയുണ്ടു്. മനുഷ്യ
ജീവിതമല്ലേ. എപ്പോഴാണു് മരണം വരിക്കേണ്ടിവരിക
യെന്നു് ആർക്കെങ്കിലും നിശ്ചയമുണ്ടോ? അവിടത്തെ

അനന്തരാവകാശിയായി ഒരു പുത്രനെയെങ്കിലും കണ്ടിട്ടാണെങ്കിൽ സമാധാനമുണ്ടായിരുന്നു. ഈ രാജ്യം അങ്ങയും അവിടുത്തെ സന്തതികളും ഭരിക്കയല്ലാതെ വല്ല വിദേശിയും വന്നുകൂടുന്നതിനു് ജനങ്ങൾക്കിഷ്ടമില്ല. അതിനാൽ അവിടുന്നു് തീർച്ചയായും ഉടനെ വിവാഹംചെയ്യണമെന്നപേക്ഷിക്കുന്നു. അവിടുത്തേയ്ക്കു് അനുരൂപയായ വധുവിനെ ഞങ്ങൾതന്നെ അന്വേഷിച്ചു കണ്ടുപിടിച്ചു ചെയ്യാം അവിടുന്നു് അനുവദിക്കുകയാണെങ്കിൽ." വാറൻട്ടർ ജനങ്ങളുടെ അഭിപ്രായം വളരെ സന്തോഷത്തോടെ കേട്ടു. അതിനു മറുപടി പറഞ്ഞതിങ്ങനെയാണു്.

"പ്രിയപ്പെട്ടവരെ, എനിക്കു് വിവാഹം ചെയ്യുന്നതിനു് ഇഷ്ടമില്ല. പക്ഷെ നിങ്ങൾ ഇങ്ങനെ പറയുന്നതു് സമ്മതിക്കാതിരിക്കാൻ വ്യസനമുണ്ടു്. നിർബന്ധമാണെങ്കിൽ ഞാൻ വിവാഹം ചെയ്യാം. പക്ഷെ വധുവിനെ നിശ്ചയിക്കുന്നതു ഞാൻതന്നെ ആയിക്കൊള്ളാം. എന്റെ വധു ആരായിരുന്നാലും അവളെ നിങ്ങൾ രാജോചിതമായി സ്വീകരിച്ചു ബഹുമാനിക്കണം. അവൾ എന്റെ കൂടെ രാജ്യഭരണം നടത്തുന്നതിനേയും നിങ്ങൾ അനുസരിക്കേണ്ടതാണു്."

വാറൻട്ടറിന്റെ അഭിപ്രായം അവർ പൂർണ്ണമായി കൈക്കൊണ്ടു. വധുവിനെ നിശ്ചയിച്ചു് വിവാഹം നടത്തുന്ന ദിവസം മുൻകൂട്ടി വിളംബരം ചെയ്യാമെന്നു് തീരുമാനിച്ചു് അവർ പിരിഞ്ഞുപോയി.

അടുത്തദിവസംതന്നെ വാൾട്ടർ തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെയും പ്രമാണികളെയും വിളിച്ചുവരുത്തി വിവാഹത്തിനുള്ള ആഘോഷങ്ങൾ ഏർപ്പാടുചെയ്യുകൊള്ളാൻ ഉത്തരവുകൊടുത്തു. അതുപ്രകാരം സകല സജ്ജീകരണങ്ങളും അവർ ചെയ്തു. വന്നിച്ച ഒരുക്കങ്ങളെല്ലാം നടന്നെങ്കിലും വധു എവിടെയാണെന്നും, ആരാണെന്നും, ഒരുത്തർക്കും അറിയാൻ കഴിഞ്ഞിട്ടില്ല.

വാൾട്ടറിന്റെ കൊട്ടാരത്തിനു് കുറച്ചകലെയുള്ള ഗ്രാമത്തിൽ ഒരു സാധുകുടുംബം ഉണ്ടു്. ജനിക്കോള എന്നു പേരായ പാവപ്പെട്ട കൃഷിക്കാരനും അവന്റെ പുത്രിയും മാത്രമായിരുന്നു ആ കുടുംബത്തിൽ. അവർ ദരിദ്രരായിരുന്നെങ്കിലും ആ പുത്രിയെക്കണ്ടാൽ ഏതു രാജകുമാരനും അവളെ ആശിച്ചുപോകും, അത്രമാത്രം അഴകും ചൈതന്യവും തുളുമ്പുന്ന ഒരു പെൺകുട്ടിയായിരുന്നു അവൾ. അവളുടെ പേരു് കുശലതയെന്നാണു്. സൗന്ദര്യത്തിനു് അനുസരിച്ചുള്ള സ്വഭാവഗുണങ്ങളും അവൾക്കുണ്ടു്. നൂൽ നൂൽക്കുക, ഗൃഹവേലകൾ ചെയ്യുക, ആടുകളെ പോറ്റുക, എന്നിങ്ങനെ പല ജോലികളും അവൾക്കുണ്ടു്. വയസ്സുചെന്ന പിതാവിന്റെ ശുശ്രൂഷ ഏറ്റവും കായ്മയിട്ടാണു് കുശലത ശ്രദ്ധിച്ചു ചെയ്തുകൊണ്ടിരുന്നതു്. അങ്ങനെ നല്ല സ്നേഹവും അനുസരണയും പരിശ്രമശീലവും വിനയവും നിറഞ്ഞവളായിരുന്നു കുശലത. അവൾ സദാ സന്തുഷ്ടയായി വയലുകളിൽ പണി

യെടുക്കുന്നത്. ആ വഴിയ്ക്കു നായാട്ടിനു് യാത്രചെയ്തിരുന്ന വാഗ്ഭടർ പലപ്പോഴും കണ്ടിട്ടുണ്ടു്. അവളെ കണ്ടതു മുതൽ വാഗ്ഭടർ തീർച്ചപ്പെടുത്തിയതാണു് താൻ എപ്പോഴെങ്കിലും വിവാഹം ചെയ്യുകയാണെങ്കിൽ ആ ബാലികയെയായിരിക്കും എന്നു്.

വിവാഹത്തിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി. നിശ്ചയിച്ച ദിവസവും വന്നുചേർന്നു. എന്നിട്ടും വധുവിനെ നിശ്ചയിച്ചതായി ആരും ഒന്നും അറിഞ്ഞില്ല. കൊട്ടാരങ്ങളും തെരുവുകളും വീഥികളും അലങ്കരിച്ചിട്ടുണ്ടു്. വിലപിടിച്ച വിശേഷവസ്തുക്കളും ആഭരണങ്ങളും പലതരത്തിൽ തയ്യാറാക്കിയിട്ടുണ്ടു്. കെങ്കേമമായ വിരുന്നുസല്ക്കാരങ്ങൾക്കു ഒരുക്കിയിട്ടുണ്ടു്. അങ്ങനെ സകലതും തയാറാക്കിക്കഴിഞ്ഞു.

പിന്നീടു് വധുവിനെ സ്വീകരിച്ചുകൊണ്ടു് വരുവാനുള്ള ഘോഷയാത്രയ്ക്കു ഏർപ്പാടു ചെയ്തു. വാഗ്ഭടർ ആ ഘോഷയാത്രയുടെ മുന്നണിയിൽ കുതിരപ്പുറത്തു് രാജോചിതമായ വേഷത്തിൽ സന്നാഹങ്ങളോടുകൂടി പുറപ്പെട്ടു. അവർ അടുത്ത ഗ്രാമത്തിലേക്കാണു് പോയതു്.

ഗൃഹജോലികളിൽ ഏർപ്പെട്ടിരുന്ന കുശലത ഈ വിശേഷങ്ങളെപ്പറ്റി അറിഞ്ഞിരുന്നതിനാൽ വേഗത്തിൽ ജോലിയെല്ലാം തീർത്തിട്ടു് വാഗ്ഭടറിന്റെ കല്യാണാഘോഷം കാണുവാൻ പുറപ്പെടുന്നതിനു് തിരക്കുകൂട്ടുകയായി

രുന്നു. അവൾ മറ്റുള്ള പെൺകുട്ടികളോടുകൂടി റോഡ രുകിൽ ചെന്നു സ്ഥലം പിടിക്കണമെന്നും വാൾട്ടറിന്റെ വധുവിനെ ഒരു നോക്കു കാണണമെന്നും ആശയോടെ കരുതി. ഈ വിചാരത്തോടെ തലയിലും കൈയിലും വെള്ളം നിറച്ച കുടങ്ങളുമായി കുശലത അടുത്തുള്ള പുഴയിൻനിന്നും തിരക്കിട്ട് വീട്ടിലേക്കു വന്നു. വീട്ടിൽവന്നു ഉമ്മറത്തു കയറിയതും നാടുവാഴിയായ വാൾട്ടർ അവിടെ നില്ക്കുന്നതുകണ്ട് പെട്ടെന്നു ഒന്നു ഞെട്ടിയതും ഒരുമിച്ചായിരുന്നു.

"കുശലതേ, നിന്റെ അച്ഛനെവിടെ?" എന്ന ചോദ്യം കേട്ടാണു് അവൾ മുഖം ഉയർത്തിയതു്.

"അച്ഛൻ തോട്ടത്തിലുണ്ടു്" എന്നു് വിനയപൂർവ്വം മറുപടി പറഞ്ഞിട്ട് അവൾ അച്ഛനെ വിളിക്കാൻ ഓടിപ്പോയി. സസ്യങ്ങളുടെ ഇടയിൽനിന്നും ആ വൃദ്ധൻ വീട്ടിലേക്കു വേഗം വന്നപ്പോൾ വാൾട്ടർ അയാളെ അഭിവന്ദനം ചെയ്തുകൊണ്ടു പറഞ്ഞു.

"ജനിക്കോളാ! എന്റെ മനസ്സിലൊതുക്കിയിരുന്ന ഒരു രഹസ്യം ഇനി തുറന്നു പറയാൻ സമയമായിരിക്കുന്നു. നിങ്ങളുടെ മകളെയാണു് ഞാൻ വിവാഹം ചെയ്യുവാൻ ആഗ്രഹിക്കുന്നതു്. അതിനു അനുവദിക്കുകയും കുശലതയെ എനിക്കു നല്കി അനുഗ്രഹിക്കുകയും വേണം."

പൊടുന്നനെ ഉണ്ടായ ഈ സൗഭാഗ്യത്തിൽ ജനിക്കോള പരിഭ്രാന്തനായി. അയാൾക്കൊന്നും പറയാനും ചെയ്യാനും വയ്യാതെ കുഴങ്ങി. വെറും സ്വപ്നം കാണുക

യായിരിക്കുമെന്നും അയാൾക്കു തോന്നാതിരുന്നില്ല. ജനിക്കോള വാൾട്ടറിനെ ക്ഷണിച്ചു് അകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി ഇരുത്തി. പരിവാരവും ജനക്കൂട്ടവും റോഡിൽ കൂടിനില്ക്കുന്നുണ്ടായിരുന്നു. ഇതെല്ലാം കണ്ടു് കുശലത ആശ്ചര്യപ്പെട്ടു. ഇതിന്റെയൊക്കെ സാരമെന്താണെന്നു് അവൾക്കും മനസ്സിലായില്ല. ഒടുവിൽ കുശലതയെ അകത്തേക്കു വിളിച്ചു. അവൾ അച്ഛന്റെ സമീപംപോയി ആദരവോടെ നിന്നു. ഉടനെ വാൾട്ടർ അവളോടായി ഇങ്ങനെ പറഞ്ഞു.

"കുശലതേ! നീ എന്റെ ഭാര്യയായിരിക്കണമെന്നാണു് എന്റെ ആഗ്രഹം. നിന്റെ അച്ഛൻ അതിനു അനുവദിച്ചിരിക്കുന്നു. നീയും സമ്മതിക്കുകയില്ലേ? എന്നെ സ്നേഹിക്കാനും എന്റെകൂടെ താമസിച്ചു് വേണ്ടുന്നതെല്ലാം ചെയ്യാനും നിനക്കിഷ്ടമുണ്ടോ എന്നു പറയൂ." കുശലത അത്ഭുതംപൂണ്ടു നിന്നു. അവൾ മറുപടി പറയാൻ കുഴങ്ങി. കഷ്ടിച്ചു് ഇതുമാത്രം അവൾ പറഞ്ഞു:— "പ്രഭോ! അവിടുത്തെ ഭാര്യയായിരിക്കാനുള്ള യാതൊരു യോഗ്യതയും എനിക്കില്ലല്ലോ. പക്ഷെ അവിടുത്തെ ആജ്ഞ അങ്ങനെ ചെയ്യണമെന്നുണ്ടെങ്കിൽ ഞാനതനുസരിക്കുവൻ ബാദ്ധ്യസ്ഥയാണു്. അവിടുത്തെ ആജ്ഞയ്ക്കു വപരീതമായി ജീവിക്കുവാൻ ഒരിക്കലും എനിക്കിഷ്ടമില്ല. അതുകൊണ്ടു് എന്തു കല്പിക്കുന്നുവോ അതുപോലെ".

"ശരി, അത്രയേവേണ്ടൂ" എന്നു പറഞ്ഞിട്ട് വാരം ട്ടർ പുറത്തേക്കിറങ്ങി. വെളിയിൽ നിന്നിരുന്ന അനുയാ യികളെ വിളിച്ചു കുശലതയെ കാണിച്ചുകൊടുത്തിട്ട് അ ദ്ദേഹം പറഞ്ഞു:—

"ഇതാ ഈ നില്ക്കുന്ന പെൺകുട്ടിയാണു് എന്റെ വധു. ഇനി നിങ്ങളം ഉചിതമായി ചെയ്യേണ്ടതെല്ലാം ചെയ്തുകൊള്ളുക."

ഇതു കേട്ടയുടനെ എല്ലാവരും സന്തോഷം പ്രകടി പ്പിച്ചു. അവരുടെ കൂടെ വന്നിരുന്ന സ്ത്രീകളം വേഗത്തിൽ കുശലതയെ രാജവധുവിനു യോജിച്ച വിധത്തിൽ വേഷ വിധാനംചെയ്തു. അവളുടെ മുടി ഭംഗിയായി ചീകിക്കെട്ടി വിലപിടിച്ച രത്നാഭരണങ്ങളും ഭംഗിയേറിയ പട്ടുവസ്ത്ര ങ്ങളും രാജഞ്ഞയുള്ള കിരീടവും അണിയിച്ചു. അതിനു ശേഷം വാരംട്ടർ മുന്നോട്ടുവന്നു് കുശലതയുടെ കൈപി ടിച്ചു് വരലിൽ ഒരു രത്നമോതിരം ഇട്ടുവിച്ചു. ഇങ്ങനെ വേണ്ടുന്ന അലങ്കാരങ്ങളെല്ലാം ചെയ്തശേഷം വാരംട്ട റിന്റെ ഇടത്തുഭാഗത്തു് ചന്ദനംപൂശിയ ഒരു വെള്ളക്കുതിര യുടെ പുറത്തു് കുശലതയെ ഇരുത്തിക്കൊണ്ടു് ആ ഘോഷ യാത്ര കൊട്ടാരത്തിലേക്കു പുറപ്പെട്ടു.

ശാന്തയും സുന്ദരിയും സുശീലയുമായ കുശലത രാജ വധുവായപ്പോൾ കുപ്പയിലെ രത്നരാജ്യകുടത്തിൽ പതി

ച്ചതുപോലെ ശോഭിച്ചു. ഒന്നു മാത്രമല്ല സകല ജനങ്ങളും അവളെ ഒരു രാജകുമാരിയെപ്പോലെ സ്നേഹിക്കുകയും ആദരിക്കയും ചെയ്തു. അവളൊരു പാവപ്പെട്ട കൃഷിക്കാരന്റെ മകളാണെന്നുള്ള വാസ്തവം അവളൊഴിച്ചു മറ്റു് എല്ലാവരും മറന്നു.

വിവാഹം അതിഘോഷമായി നടന്നു. രാജാവും രാജ്ഞിയും എന്ന നിലയിൽ അവർ സൗഖ്യവും ആനന്ദവും വളർത്തിക്കൊണ്ടു് ദാമ്പത്യജീവിതം ആരംഭിച്ചു.

അങ്ങനെ ഒരു കൊല്ലം കഴിഞ്ഞപ്പോൾ അവർക്കു ഒരു പുത്രി ജനിക്കാനുള്ള ഭാഗ്യമുണ്ടായി. എല്ലാവരും ആശിച്ചിരുന്നതു് ഒരു പുത്രൻ ഉണ്ടാകണമെന്നായിരുന്നെങ്കിലും സകലരും ഈ സന്താനലാഭത്തിൽ ആഹ്ലാദിച്ചു.

അദ്ധ്യായം 14

പരീക്ഷണങ്ങൾ

കുശലതയുടെ ഓമനക്കുഞ്ഞു ഏവരുടേയും ആനന്ദനിധിയായി വളർന്നുവരികയാണു്. അതിനിടയിൽ വാൾട്ടറിനു് ഒരു വിചാരം തോന്നി, കുശലതയുടെ സ്വഭാവം ഒന്നു പരീക്ഷിച്ചറിയണമെന്നു്. പല സന്ദർഭങ്ങളിലും ചെറിയ ചെറിയ കാര്യങ്ങളിൽ കുശലതയുടെ യഥാർത്ഥ സ്വഭാവം അദ്ദേഹം സൂക്ഷിച്ചറിഞ്ഞിട്ടുണ്ടു്. എങ്കിലും അവളുടെ അനുസരണയും സ്നേഹവും എത്രമാത്രമുണ്ടെന്നു് ഒരിക്കൽക്കൂടി പരീക്ഷിക്കണമെന്നുള്ള ദുർമ്മോഹം കടന്നുകൂടി. ഒരുദിവസം രാത്രിയിൽ അദ്ദേഹം തന്റെ പ്രിയതമയെ ക്രൂരതയോടെ നോക്കിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു.

"നിന്നെ കുടിലിൽനിന്നും കൊട്ടാരത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവന്നു സർവ്വ സൗഭാഗ്യങ്ങളും തന്നതാണെന്നുള്ള വാസ്തവം നീ ഓർമ്മിക്കുന്നുണ്ടോ ? നീ എനിയ്ക്കു വളരെ പ്രിയമുള്ളവളാണെങ്കിലും എന്റെ ജനങ്ങൾക്കു് അത്ര ആദരവു് നിന്നോടില്ല എന്നു നീ മനസ്സിലാക്കണം. ഒരു കേവലപ്പെട്ട പെണ്ണിനെ ഞാൻ രാജ്ഞിയാക്കി സ്വീകരിച്ചതും നീ അവരെ ഭരിക്കുന്നതും അവർക്കിഷ്ടമായിട്ടില്ല. അ

തിനും പുറമേ ഒരു പുത്രനുണ്ടാകുന്നതിനു പകരം ഒരു പെണ്ണിനെയാണു നിനക്കു പിറന്നതു്. അതിലും ജനങ്ങൾക്കു വളരെ ആക്ഷേപമായിരിക്കുന്നു. എനിക്കു എന്റെ ജനങ്ങളുടെ തൃപ്തിയും സന്തോഷവുമാണു് ഏറ്റവും വലുതായി ഞാൻ ഇതേവരെ കരുതിയിരുന്നതു്. മേലാലും അങ്ങനെതന്നെ ആയിരിക്കണമെന്നാണു് എന്റെ ഉദ്ദേശം. അങ്ങനെയിരിക്കേ ജനങ്ങളുടെ ഹിതം നോക്കി പ്രവർത്തിക്കേണ്ടതു് എന്റെ കടമയല്ലേ? അതുകൊണ്ടു നീ എന്നോടു പ്രതിജ്ഞചെയ്തതുപോലെ ക്ഷമയും അനുസരണയും ഉള്ളവളാണെന്നു് എങ്ങനെ ബോദ്ധ്യപ്പെടുത്തണം.

ഈ പരുപരുത്ത സംസാരം കേട്ടിട്ടു് കുശലതയ്ക്കു് യാതൊരുവ്യസനവും വാക്കിലോ പെരുമാറ്റത്തിലോ ഉണ്ടായില്ല. അവൾ എന്നത്തെയും വിനയമുള്ളവളായി തലതാഴ്ത്തി അദ്ദേഹത്തിന്റെ മുമ്പിൽ നിന്നതേയുള്ളൂ. ഭർത്താവു പറഞ്ഞുതീർന്നപ്പോൾ മന്ദമന്ദം അവൾ ഇങ്ങനെ പറഞ്ഞു.

"നാഥാ! അവിടത്തെ ഹിതമാണു് എന്റെ ഹൃദയം. അവിടത്തെ ആജ്ഞകൾക്കു് കീഴ്പ്പെട്ടു ജീവിക്കുകയാണു് എന്റെ ധർമ്മം. അവിടുന്നു് എന്തു കല്പിച്ചാലും അതൊക്കെ അനുസരിക്കാനുള്ളവളല്ലേ ഇവൾ. മരണത്തിൽപോലും എന്നെ ആ നിഴലിൽനിന്നും മാറാൻ കഴിയില്ല.

വാൾട്ടർ ഈ മുട്ടമൊഴികൾകേട്ട് ഉള്ളിൽ സന്തോഷിച്ചെങ്കിലും പുറമേ അതു കാണിക്കാതെ മുറിക്കുപുറമേ നടന്നുകളഞ്ഞു. വാൾട്ടർ പറഞ്ഞതെല്ലാം കളവായിരുന്നു. അദ്ദേഹത്തിനെ കൗശലതയുടെ സൗമ്യവാക്കുകൾ തൃപ്തിപ്പെട്ടുത്തിയിരിക്കുമെന്നു തെറ്റിദ്ധരിക്കണ്ട.

അദ്ദേഹം പുറത്തിറങ്ങി ഒരു ഭൃത്യനെ വിളിച്ചു. അവനെക്കണ്ടാൽ ക്രൂരനാണെന്നു തോന്നുമെങ്കിലും വളരെ അലിവുള്ളവനാണ്. വാൾട്ടർ തന്റെ രഹസ്യമായ ഉദ്ദേശങ്ങൾ അവനെ പറഞ്ഞു മനസ്സിലാക്കി. രാജാവിന്റെ ഹൃദയം എന്താണെന്നറിഞ്ഞ ആ സേവകൻ നേരെ രാജ്ഞിയുടെ സന്നിധിയിലേക്കുചെന്നു അവരോടിങ്ങനെ അറിയിച്ചു:—

"അമ്മേ, എന്നോടു ക്ഷമിക്കണം. എനിയ്ക്കു രാജകല്പന അനുസരിക്കാതെ കഴികയില്ലല്ലോ. കല്പന പ്രകാരം അമ്മയുടെ കുഞ്ഞിനെ ഞാനിതാ കൊണ്ടുപോകുന്നു.

കുഞ്ഞിനെ എടുത്തുകൊണ്ടുപോയതു് ക്ഷമയോടെ നോക്കിനില്ക്കാനുള്ളാതെ തടുക്കാൻ അവൾക്കു സാധിച്ചില്ല. തന്റെ ഓമനക്കുഞ്ഞിനെ ഇനി കാണുവാൻ സാധിക്കയില്ലെന്നു കരുതി അതിനെ വാത്സല്യപൂർവ്വം എടുത്തു മുഖത്തുവച്ചിട്ടു യാത്രപറയുകയായിരുന്നു ചെയ്തതു്. ആ കുഞ്ഞിനെ കൊണ്ടുപോകുമ്പോൾ അവസാനമായി പറഞ്ഞു:—"പോവുക, പോയി എന്റെ പ്രാണനാ

ഥന്റെ കല്പന നടത്തുക. എനിക്കെന്നോ പറയാനുള്ളു, അദ്ദേഹത്തിനു വിരോധമില്ലെങ്കിൽ ഈ കുഞ്ഞിന്റെ ശവം പക്ഷിമൃഗാദികൾ നശിപ്പിക്കാനിടയാകാത്തവിധം കുഴിച്ചു മൂടിയാൽ കൊള്ളാം." പക്ഷെ ആ മനുഷ്യൻ അതൊന്നും ശ്രദ്ധിക്കാതെ കുട്ടിയെ താങ്ങിയെടുത്തുകൊണ്ടു് പൊയ്കളഞ്ഞു.

യാതൊരു വൈമനസ്യവും കൂടാതെ തന്റെ കല്പന രാജ്ഞി അനുസരിച്ച വിവരം വാൾട്ടർ അറിഞ്ഞപ്പോൾ സന്തോഷിച്ചു. എങ്കിലും അതു പുറമെ അറിയിക്കാതെ മറച്ചുതന്നെയുള്ളു. അദ്ദേഹത്തിന്റെ കല്പനപ്രകാരം ആ ശിശുവിനെ വളരെ ഭദ്രമായി വാൾട്ടറിന്റെ സഹോദരി ബൊളോണയെ ഏല്പിച്ചിട്ടു് ഭൃത്യൻ മടങ്ങിവന്നു. ബൊളോണയോടു് ശിശുവിനെ വേണ്ടതുപോലെ ശ്രദ്ധിച്ചു ശുശ്രൂഷിക്കുവാനുള്ള ഏർപ്പാടു ചെയ്തിരുന്നു. അവരുടെ കുട്ടിയാണെന്നു് ബൊളോണയെ മനസ്സിലാക്കിയതുമില്ല.

വാൾട്ടർ കുശലതയുടെ ഭാവങ്ങളും പെരുമാറ്റങ്ങളും നന്നേ സൂക്ഷിക്കുന്നവനായിരുന്നു. പക്ഷെ കുട്ടിയെ ഉപേക്ഷിക്കേണ്ടിവന്നതിൽ അവളിൽ കോപമോ സങ്കടമോ ഒന്നുംതന്നെ ഉണ്ടായിക്കണ്ടില്ല. പതിവുപോലെ സന്തോഷമായും അനുസരണയോടും കൂടിത്തന്നെ അവൾ പെരുമാറി.

ഇങ്ങനെ വർഷം നാലു് കഴിഞ്ഞു. ഇതിനിടയിൽ കുശലത ഒരു പുത്രനെക്കൂടി പ്രസവിച്ചു. ഈ സന്തോഷ വാർത്ത രാജാവിനെ മാത്രമല്ല സകല ജനങ്ങളേയും ആനന്ദ ഭരിതരാക്കി. രാജകിരീടത്തിനുള്ള അടുത്ത അവകാശി പിറന്നതിൽ എല്ലാവരുംതന്നെ സന്തോഷിച്ചതേയുള്ളു. എന്നാൽ പുത്രനു രണ്ടു വയസ്സായപ്പോൾ വീണ്ടും രാജാവിനു് മുമ്പിലത്തെപ്പോലെ ഉർബ്ബുദ്ധി തോന്നുകയാൽ കുശലതയുടെ ക്ഷമയെ ഒരിക്കൽക്കൂടി പരീക്ഷിച്ചു. അദ്ദേഹം അവളുടെ മുറിയിൽ ചെന്നു് ഇങ്ങനെ പറഞ്ഞു.

"പ്രിയേ മുമ്പുതന്നെ ഞാൻ പറഞ്ഞിട്ടില്ലേ നമ്മുടെ വിവാഹം ജനങ്ങൾക്കു് വളരെ അതൃപ്തിയുണ്ടാക്കിയിരിക്കയാണെന്നു്. ഇപ്പോൾ ഈ പുത്രനുംകൂടി ആയപ്പോൾ അതു കൂടുതൽക്കൂടി വർദ്ധിച്ചു. എന്റെ കാലശേഷം വെറും ഒരു കൃഷിക്കാരനായ ജനിക്കോളയുടെ പൗത്രനാണു് തങ്ങളെ ഭരിക്കാനുള്ളതെന്നു് അവർ ആക്ഷേപിക്കയും വ്യസനിക്കയും ചെയ്യുന്നു. അതുകൊണ്ടു് അവരുടെ ഹിതത്തിനു ഞാൻ വഴങ്ങാതെ കഴിയില്ല. നിന്റെ പുത്രനേയും അവന്റെ സഹോദരിയുടെ പുറകെ അയയ്ക്കാനാണു് ഉദ്ദേശിക്കുന്നതു്". പക്ഷെ ഇത്തവണയും കുശലത ഭർത്താവിന്റെ ആജ്ഞയ്ക്കു വിനയപൂർവ്വം കീഴ്പ്പെട്ടതേയുള്ളു. "ഞാൻ അവിടുത്തെ യാതൊരാജ്ഞയ്ക്കും വിപരീതമായി

പ്രയത്നിച്ചിട്ടില്ലല്ലോ. അവിടത്തെ ഹിതമല്ലാതെ എ നിയ്ക്കൊരു ഹിതവും വേറെയായിട്ടില്ല. കല്പനപോലെ ചെയ്യാം". എന്നാണു് അവൾ ശാന്തമായി മറുപടി പ റഞ്ഞതു്. "എന്റെ രണ്ടു കുഞ്ഞുങ്ങളേയും കൊല്ലണമെ ന്നാണു് അങ്ങു നിശ്ചയിച്ചതു്. അതിൽ അങ്ങയുടെ ഇഷ്ടം നടക്കുന്നതിനു് എനിയ്ക്കു സമ്മതം തന്നെ. ഇ നിയും അങ്ങു് എന്നെക്കൂടി കൊന്നുകളയാനാണു് ഇച്ഛി ക്കുന്നതെങ്കിൽ അതിനും അവിടത്തെ പ്രേമദാസിയായ ഇവൾക്കു് സന്തോഷമേയുള്ളൂ." എന്നു പറയുമ്പോൾ അവളുടെ കണ്ണുകളിൽ നിന്നും പ്രേമജലം അടർന്നു വീഴുന്നു ണ്ടായിരുന്നു.

തന്റെ പ്രേയസി ഇത്രത്തോളം പതിഭക്തിയും വി നയ സമ്പന്നയും നിറഞ്ഞവളാണെന്നു് വാൾട്ടർ അറിഞ്ഞി രുന്നില്ല. കപടം പറഞ്ഞു് തന്റെ പ്രിയമേറിയ പ്രേമ ഭാജനത്തെ കണക്കിലധികം പരീക്ഷിക്കുവാൻ തോന്നി യതിൽ അദ്ദേഹത്തിനു മനസ്സിൽ ലജ്ജയും വ്യസനവും ഉണ്ടായി. അവളുടെ ശാന്ത നിർമ്മലമായ മുഖത്തേക്കു നോക്കാൻ കഴിയാതെ വാൾട്ടർ നിലത്തേയ്ക്കു കണ്ണയച്ചു നിന്നതേയുള്ളൂ. ഒടുവിൽ ഒന്നും പറയാതെ പരിതാപ ഭാവത്തിൽ അവിടെനിന്നു ഇറങ്ങിപ്പോയി.

പഴയ ഭൃത്യൻ ഒരിക്കൽക്കൂടി കുശലതയുടെ മറിയിൽ വന്നു് ആ ആൺക്കുഞ്ഞിനേയും എടുത്തുകൊണ്ടുപോയി.

സ്നേഹമയിയായ കുശലത അതിനെ ചുംബിച്ചു് ഈശ്വ
രാർപ്പണം ചെയ്തയച്ചു. അവർ ധരിച്ചിരുന്നതു് മൂത്ത
പെൺക്കുട്ടിയെ കൊന്നു, ഇനിയും ഇതിനേയും കൊല്ല
വാൻ കൊണ്ടുപോകയാണെന്നാണു്. പക്ഷെ കോമള
നായ ആ കുമാരനെയും ബൊളോണയുടെ വാത്സല്യ പരി
ചരണത്തിനായി ഏല്പിച്ചു എന്നതു് മറ്റാർക്കും അറിഞ്ഞു
കൂടായിരുന്നു.

വാൾട്ടറിന്റെ പരീക്ഷണങ്ങൾ കഴിഞ്ഞു. തന്റെ
പ്രിയതമയുടെ അത്ഭുതാവഹമായ സ്വഭാവവിശേഷ
ത്തിൽ അദ്ദേഹം ആനന്ദിച്ചു. രണ്ടു കുഞ്ഞുങ്ങളേയും വേർ
പെടുത്തിയിട്ടും അവർക്കു് യാതൊരു സ്വഭാവവ്യത്യാ
സവും കാണുകയുണ്ടായില്ല. ഓരോ ദിവസം ചെല്ലുന്തോറും
അവർ ക്രൂരതൽ ക്രൂരതൽ വിശ്വസ്തയും പതിഭക്തയും
ആയിട്ടാണു് അദ്ദേഹം കണ്ടതു്. രണ്ടാഴ്ചക്കുംക്രൂടി ഒരേ
ഒരു ഹൃദയമാണുണ്ടായിരുന്നതു്. അതു് വാൾട്ടറുടെ ഹൃ
ദയവുമായിരുന്നു.

എന്നാൽ വാൾട്ടറുടെ ലജ്ജാകരമായ ഈ പരീക്ഷ
ണങ്ങൾ ജനങ്ങളൊക്കെ അറിയാനിടയായി. അവർക്കു്
ഈ പ്രവൃത്തി കലശലായ വെറുപ്പാണുണ്ടാക്കിയതു്. വാ
സ്തവത്തിൽ അവരെല്ലാം ധരിച്ചതു് വാൾട്ടർ തന്റെ ഭാ

യ്യ് വെറും കൃഷിക്കാരന്റെ മകളായതു കാരണം അവളിലു ണ്ടായ കുട്ടികളെ രഹസ്യമായി കൊന്നുകളഞ്ഞു എ ന്നാണു്.

പിന്നെയും വാർട്ടറിനു് കുശലതയെ മൂന്നാമതും പരീക്ഷിക്കാനാണു് മനസ്സു തോന്നിയതു്. അവളുടെ മൂത്ത പുത്രിയ്ക്കു് പന്ത്രണ്ടു വയസ്സായപ്പോൾ വാർട്ടർ ചില രഹസ്യനിർദ്ദേശങ്ങൾ കൊടുത്തു് വിശ്വസ്തനായ ഒരാളിനെ റോമിലേക്കയച്ചു. അതിന്റെ ഫലമായി റോമിൽനിന്നും ചില കത്തുകൾ വരികയും വാർട്ടറിനെ കുശലതയുമായുള്ള വിവാഹബന്ധം വേർപെടുത്തുന്നതിന മാർപ്പാപ്പാ അനുവാദം തന്നിരിക്കുന്നതായി പരസ്യപ്പെട്ട ത്തുകയും ചെയ്തു. കുശലത പ്രഭുകുലത്തിൽ പിറന്നവള ല്ലെന്നും വെറും കർഷകകുലത്തിൽ പിറന്നവളാണെന്നും ഉള്ള കാരണമാണു് കാണിച്ചിരുന്നതു്.

എന്നാൽ ഈ പ്രഖ്യാപനം കുശലതയുടെ ഹൃദയം പിളർക്കുന്നതായിരുന്നു. ലോകത്തിൽ ഏറ്റവും വല്ല തായി അവൾ കരുതിയിരുന്നതും സ്നേഹിച്ചതും തന്റെ ഭർത്താവിനെയാണു്. ഈ സത്യം അദ്ദേഹത്തിനു അറി യാമായിരുന്നു എങ്കിലും പതിവ്രതയായ കുശലത ഭർത്താ വിന്റെ ഹിതത്തിനു വഴങ്ങുകയല്ലാതെ ഖേദിച്ചുകൂടാ എന്നുതന്നെ വിശ്വസിച്ചു. അവൾ കല്പന അനുസരി ക്കാൻ ഒരുങ്ങിക്കഴിഞ്ഞു.

ഈ സമയം വാർട്ടർ സഹോദരീഭർത്താവിന്റെ പേക്ക് ഒരാളെ അയച്ച് തന്റെ രണ്ടു കുട്ടികളേയും കൂട്ടികൊണ്ടുവരുവാൻ ഏർപ്പാടുചെയ്തു. അവരെ വലിയ ആഡംബരത്തോടുകൂടി കൊണ്ടുവരണമെന്നും അവർ തന്റെ സന്താനങ്ങളാണെന്ന് ആരേയും അറിയിക്കരുതെന്നും ശട്ടംകെട്ടിയിരുന്നു. ക്രൂരനായ അവരെ കൊട്ടാരത്തിലേയ്ക്കു കൊണ്ടുപോകുന്നതു് എന്തിനാണെന്ന് ആരെങ്കിലും അന്വേഷിച്ചാൽ ആ പെൺകിടാവിനെ രാജാവിനു വിവാഹംകഴിച്ചുകൊടുക്കുവാൻവേണ്ടിയാണെന്ന് ധരിപ്പിക്കണമെന്നും പ്രത്യേകം പറഞ്ഞയച്ചിരുന്നു.

ഈ നിർദ്ദേശം അദ്ദേഹം അക്ഷരംപ്രതി നിറവേറ്റി. അപ്പോൾ രാജകുമാരിക്കു പന്ത്രണ്ടുവയസ്സും കുമാരനു് ഏഴുവയസ്സും പ്രായമായിരുന്നു. രണ്ടുപേരേയും ഉചിതമായവിധം വേഷഭൂഷാദികൾ അണിയിച്ച് കുതിരപ്പുറത്തു് ഇരുത്തി അനവധി പ്രമാണികളുടെ അകമ്പടിയോടുകൂടി ഘോഷമായി അരമനയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

ഇതിനിടയിൽ വാൾട്ടർ തന്റെ രാജ്ഞിയായ കുശലതയെ വിളിച്ചു താൻ വിവാഹബന്ധം വേർപെടുത്തുന്നതിനു നിശ്ചയിച്ച വിവരം അറിയിച്ചു.

"കുശലതേ, നിന്നെ എന്റെ ഭാര്യയായി സ്വീകരിക്കുന്നതിനു് എനിക്കു വളരെ സന്തോഷമായിരുന്നു. നിന്റെ സ്വത്തോ കുടുംബമോ നോക്കിയിട്ടല്ല. എന്നാൽ

നിന്റെ ഭക്തിയും അനുസരണശീലവും കണ്ടിട്ടാണു്. എന്നാൽ ഒരു രാജാവെന്നനിലയിൽ വെറുമൊരു കൃഷിക്കാരന്റെ മകളെ റാണിയായി വച്ചുകൊണ്ടിരിക്കുന്നതു് എനിക്കു ചേർന്നതല്ലെന്നും യോഗ്യമായ ഒരു കുമാരിയെ വിവാഹം ചെയ്യണമെന്നും ജനങ്ങൾ നിർബ്ബന്ധിച്ചുകൊണ്ടിരിക്കുന്നു. അതിനു് മാർപ്പാപ്പാതിരുമേനി അനുവദിക്കയും ചെയ്തിരിക്കുന്നു. ഇതിൽ കൂടുതലായി ഒന്നും ഞാൻ പറയണമെന്നില്ല. എനിക്കു വിവാഹംചെയ്യാനുള്ള പെൺകുട്ടി അവളുടെ ഭവനത്തിൽനിന്നും ഇതിനകം പുറപ്പെട്ടിരിക്കും. അധികം താമസ്സമില്ല ഇവിടെ എത്തുവാൻ. അപ്പോഴേയ്ക്കും അവൾക്കായി നീ സ്ഥാനം ഒഴിഞ്ഞുകൊടുക്കണം.

നീ വ്യസനിക്കണ്ട. ധൈര്യമായിരിക്കുക. നിന്നെ എങ്ങനെ കൂട്ടിക്കൊണ്ടുവന്നുവോ അതുപോലെ നിന്റെ അച്ഛന്റെ വീട്ടിലേയ്ക്കു തിരിച്ചുകൊണ്ടാക്കിക്കൊള്ളാം. അതിൽ നീ ദുഃഖിക്കരുതു്. ഒരുകാര്യം പ്രത്യേകം പറയാം. നീ നല്ലതുപോലെ ക്ഷമിച്ചിരിക്കണം. എന്തെന്നാൽ ഭാഗ്യദോഷം അൽപ്പം എപ്പോഴും വന്നുചേരാവുന്നതാണെല്ലോ."

ശാന്തമായി കേട്ടുനിന്ന കുശലത ഇതിനു മറുപടി നല്കി.

"നാഥാ! അങ്ങയുടെ ഉന്നതമായ രാജപദവിയും എന്റെ ഏഴപ്പടിയുമായി ഒരിക്കലും സാമ്യമില്ലെന്നു്

അന്നും ഇന്നും എനിക്കറിയാവുന്നതുതന്നെയണ്. എല്ലാ വിധത്തിലും അവിടുന്നെനിക്കുതന്ന പദവിയിൽ ഇരിക്കുവാനുള്ള അർഹത എനിക്കില്ല. എന്നല്ല അവിടത്തെ ദാസിയായിരിക്കാൻപോലും എനിക്കു യോഗ്യതയില്ല. അവിടന്നു് എന്നെ ഈ മഹത്തായ സ്ഥാനത്തേയ്ക്കു കയറിയിരുത്തിയതാണു്. എങ്കിലും ഈ മഹത്തായ പദവിയിലിരിക്കാൻ തുടങ്ങിയതിനുശേഷവും ഞാൻ പഴയ ഞാൻ തന്നെയായിട്ടു് ജീവിച്ചിട്ടുള്ളതേയുള്ളു എന്നു് അവിടേയ്ക്കു ബോദ്ധ്യമുള്ളതല്ലേ. ഇപ്പോഴെന്നെ ഈ സ്ഥാനത്തുനിന്നും വലിച്ചു താഴേയ്ക്കിറക്കുമ്പോഴും എന്റെ ഭക്തിയും പ്രേമവും അങ്ങയ്ക്കുവേണ്ടിയല്ലാതെ മറ്റാർക്കും വേണ്ടിയുള്ളതാകയില്ല. ഈയുള്ളവൾ മരണത്തിലും അങ്ങയോടുള്ള അടിമത്വം വിട്ടുന്നതല്ല.

എന്നാൽ ഞാനിപ്പോൾ ഈശ്വരനും എന്നെ ഈ സൗഭാഗ്യത്തിലേയ്ക്കുയർത്തിയ അവിടുത്തേയ്ക്കും വിനീതമായി നന്ദിപറയട്ടെ. എനിക്കുവേണ്ടി ചെയ്തിട്ടുള്ള എല്ലാ ഉപകാരങ്ങൾക്കും ദാക്ഷിണ്യങ്ങൾക്കു് ജഗദീശ്വരൻ പ്രതിഫലം തരുമാറാകട്ടെ. എന്റെ വന്ദ്യപിതാവിന്റെ അടുത്തേയ്ക്കുപോയി അദ്ദേഹത്തെ ശുശ്രൂഷചെയ്യ ഇനിയുള്ള ആയുസ്സു കഴിക്കുവാനുള്ള സൗഭാഗ്യം അവിടുന്നു് കരുണയോടെ അനുവദിച്ചുതന്നതിൽ എന്നെന്നും ഞാൻ കടപ്പെട്ടിരിക്കും.

അവിടുന്നു് എന്നെ കൂട്ടിക്കൊണ്ടുപോരുവാനായി എന്റെ എളിയകുടിലിൽ ഈശ്വരനെപ്പോലെ വന്നു

കയറിയതും കീറിപ്പറിഞ്ഞ തുണിയുമായി നിന്നിരുന്ന എന്നെ രാജ്ഞിയായി ചമയിച്ചു എതിരേറ്റുകൊണ്ടുവന്നതും ഞാനെപ്പൊഴും ഓമ്മിക്കാറുള്ളതാണ്. അന്നും ഇന്നും ഞാൻ ആ കുടിലിലെ കുശലത തന്നെയെന്നു് ഞാനറിയുന്നുണ്ടു്.

പ്രഭോ! അവിടുത്തെ കാരുണ്യങ്ങൾക്കായി വീണ്ടും ഞാൻ നമസ്കരിക്കുന്നു. എന്റെ പേരിൽ വല്ല പിഴകളും വന്നുപോയിട്ടുണ്ടെങ്കിൽ അതെല്ലാം പൊറുത്തു് എനിയ്ക്കു് മാപ്പുതരണം. അവിടുന്നു് പുതിയ വധുവുമായി ദീർഘകാലം സൗഖ്യമായിരിക്കുവാൻ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ."

ഈ പറഞ്ഞ വാക്കുകൾ ഓരോന്നും അക്ഷരം പെറുക്കി പെറുക്കി കാതിൽ വീഴുന്നതുപോലെ വാരിട്ടർ കേട്ടുകൊണ്ടിരുന്നു. പക്ഷേ ആ മഹാസാദ്ധ്വിയുടെ മുഖത്തേക്കു നോക്കുവാനോ ഒരക്ഷരം ഉരിയാടുവാനോ വാരിട്ടറിനു് ശക്തിയുണ്ടായില്ല. അദ്ദേഹം അവശം പൊയ്പ്പോള്ളാൻ അനുമതിനൽകിയമട്ടിൽ മുറിയ്ക്കുള്ളിൽനിന്നും വെളിയിലിറങ്ങിപ്പോയി.

കുശലത ലേശംപോലും മടിയ്ക്കാതെ താൻ ധരിച്ചിരുന്നതെല്ലാം അഴിച്ചുവച്ചിട്ടു് വിവാഹദിവസം അവളുടുത്തിരുന്ന കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ എടുത്തുടുത്തു. കാലിൽ പാദുകങ്ങളോ തലയിൽ മൂടുതുണിയോ ഒന്നും കൂടാതെ പാവപ്പെട്ട കൃഷിക്കാരിപ്പെണ്ണിനെപ്പോലെ

അരമനയിൽനിന്നും യാത്രയിറങ്ങി. വളരെയാളുകൾ അവളുടെ ദയനീയമായ ഈ പോക്കുകണ്ട് വാവിട്ട് നിലവിളിച്ചുകൊണ്ടു പുറകെ പോയെങ്കിലും അവൾ അഹിതമായി ഒരക്ഷരംപോലും ഉരിയാടിയില്ല. വീണ്ടും ആ കടലിൽതന്നെ കുശലതചെന്നുചേർന്ന് വൃദ്ധനായ പിതാവിനോടുകൂടി പഴയപടി ജീവിതമാരംഭിച്ചു. ആ വൃദ്ധപിതാവ് മകളുടെ ദുർവ്വിധിയോർത്ത് ദുഃഖിച്ചു. പക്ഷെ കുശലതയാകട്ടെ അതുവരെ അവളനുഭവിച്ച സൗഭാഗ്യജീവിതം പാടെ മറന്നുകളഞ്ഞു. ഇതുത്തോളം വിനയസമ്പന്നയും ശാന്തസ്വരൂപിണിയുമായ കുശലതയേപ്പറ്റി ജനങ്ങൾക്കു പതിന്മടങ്ങു ഭക്തി വർദ്ധിച്ചതേയുള്ളൂ. രാജ്യവാസികൾ അവളെ പൂർവ്വാധികം ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തു.

അദ്ധ്യായം 15

ശുഭസമാപ്തി

നിശ്ചിത സമയമായപ്പോഴേക്കും വാൾട്ടറിന്റെ സഹോദരീഭർത്താവായ പാനിക്കോപ്രേട്ട കുട്ടികളെയും കൊണ്ട് വന്നുചേർന്നു. അദ്ദേഹത്തിന്റെകൂടെ വന്നിരിക്കുന്ന ബാലിക രാജാവിന്റെ നവ വധുവാകാനുള്ളവളാണെന്ന് എല്ലാവരും കരുതിയിരുന്നു. എന്നാൽ അവർ കൊട്ടാരത്തിന്റെ അടുത്തെത്താറായെന്നറിഞ്ഞപ്പോൾതന്നെ വാൾട്ടർ കുശലതയെ കൊട്ടാരത്തിലേക്കു വിളിച്ചുകൊണ്ടുവരുന്നതിന് ഒരാളയച്ചിരുന്നു. അവൾ വണക്കത്തോടെ അവിടെച്ചെന്നു. അവിടെ വന്നുചേരുന്ന നവ വധുവിനെ പരിചരിക്കുന്നതിനുള്ള ജോലി അദ്ദേഹം കുശലതയെ ഏല്പിച്ചു. മുറികളുംമറ്റും എത്രയും വെടിപ്പായും ഭംഗിയായും ഒരുക്കി വയ്ക്കുന്നതിനും സൂക്ഷിക്കുന്നതിനും കുശലതയ്ക്കുള്ള പ്രത്യേക സാമർത്ഥ്യം രാജാവിനറിയാമായിരുന്നതുകൊണ്ട് ആ ജോലികളൊക്കെ ചെയ്യാൻ അവളെത്തന്നെ നിയോഗിച്ചു. പുതിയ വധുവിന് യോഗ്യമായ എല്ലാ പരിചരണങ്ങളും ചെയ്യണമെന്നും അവളോടാജ്ഞാപിച്ചു. ഇതെല്ലാം പറഞ്ഞശേഷം രാജാവ് കുശലതയുടെ മുഖം ശ്രദ്ധമായി നോക്കിയപ്പോൾ സന്തോഷത്തിന്റെയും വിനയത്തിന്റെ തെളിച്ചമല്ലാതെ മറ്റൊന്നും കാണുവാനില്ലായിരുന്നു.

"പ്രഭോ, അവിടത്തെ കല്പനകളെല്ലാം സന്തോഷത്തോടുകൂടി ഞാൻ ചെയ്തുകൊള്ളാം" എന്നു പറഞ്ഞുകൊണ്ട് ഓരോ ജോലിയും അവൾ വെടിപ്പായി ചെയ്തു.

അടുത്തദിവസം ഉച്ചയായപ്പോൾ അതിഥികൾ വന്നുചേർന്നു. പുതിയതായി വന്നുചേർന്ന ബാലികയുടെ അഴകേറിയ മുഖം കണ്ടപ്പോൾ പലരും സന്തോഷംകൊണ്ട് മതിച്ചു. "ഈ പെൺകിടാവിനെ രാജാവ് വിവാഹം ചെയ്യുവാൻ തീരുമാനിച്ചതു് വളരെ ഉചിതമായി. ആ കൃഷിക്കാരിപ്പെണ്ണിനെ ഉപേക്ഷിച്ചതു് കഠിനമൊന്നുമല്ല" എന്നും ചിലരൊക്കെ പറഞ്ഞുതുടങ്ങി. അവിടെ നടന്ന ഘോഷങ്ങളും മേളങ്ങളും പൊടിതകൃതിയായിരുന്നു. കുറച്ചുനേരത്തേക്കു് സൽഗുണസമ്പന്നയായ കുശലതയെ എല്ലാവരും വിസ്മരിച്ചെന്നുതന്നെ തോന്നുന്നു. കുശലതയെ ഉപേക്ഷിച്ചു് ഈ സൗന്ദര്യദേവതയെ വിവാഹം ചെയ്യുവാൻ തീരുമാനിച്ചതിൽ വളരെപ്പേർ രാജാവിനെ പ്രശംസിക്കാൻ തുടങ്ങി. പക്ഷേ ബുദ്ധിമാന്മാരായ മറ്റുപലരും ജനങ്ങളുടെ ഈ അവസരോചിതമായ മനംമാറ്റത്തിൽ അധിക്ഷേപിക്കയും "അന്നന്നു കണ്ടതിനെ വാഴ്ത്തുന്ന" ബാലിശസ്വഭാവത്തെ ആക്ഷേപിക്കയും ചെയ്തിരുന്നു.

അതിഥികളെ സൽക്കരിക്കുന്നതിനുള്ള വിപുലമായ ഏർപ്പാടുകളിൽ കുശലത മുഴുകിയിരുന്നു. മറ്റു പരിചാരികമാരോടൊപ്പമാണു് കുശലതയും ഓരോരോ

പ്രവൃത്തികളും ചെയ്യുകൊണ്ടിരുന്നതു്. അവരുടെകൂടെ കുശലതയും കോട്ടവാതലിൽ ചെന്നു് പുതിയ ദമ്പതിയെ സ്വീകരിച്ചു അകത്തോക്കു കൂട്ടിക്കൊണ്ടുപോന്നു. നവ വധുവിന്റെ കൂടെ വന്നിരുന്ന സ്ത്രീജനങ്ങളും കുശലതയുടെ പെരുമാറ്റത്തിൽ അത്യധികം സന്തോഷിക്കയും സൽഗുണസമ്പന്നയായ അവളുടെ പരിചാരിക നിലകണ്ടു് പരിതപിക്കയും ചെയ്തു.

അതിഥികളെയും നവവധുവിനെയും സൽക്കരിക്കാൻ കുശലത സമർത്ഥയായി കാണപ്പെട്ടു. അവരെല്ലാം ഭക്ഷണത്തിനായി ഇരുന്നപ്പോൾ വാഗ്ഭട്ടർ കുശലതയേ വിളിച്ചു ചോദിച്ചു—"കുശലതേ, നീ എന്റെ വധുവിനെക്കണ്ടിട്ടു് എന്താണഭിപ്രായം?" അദ്ദേഹം ഈ കുസ്തുതിച്ചോദ്യം ചോദിച്ചിട്ടു് അമർത്തിച്ചിരിക്കുന്നുണ്ടായിരുന്നതു് ആരും ശ്രദ്ധിച്ചില്ല.

"രാജൻ! ഇത്ര അഴകേറിയ ഒരു പെൺകുട്ടിയെ ഞാൻ കണ്ടിട്ടില്ലല്ലോ. ഭാഗ്യവാനായ അവിടുന്നു് സൗഖ്യമായിരുന്നാലും. എന്നാൽ ഒരപേക്ഷ എനിക്കുള്ളതു് മുമ്പു ചെയ്തിട്ടുള്ളതുപോലെ ഈ പെൺകൊടിയോടു നിർദ്ദയമായി പെരുമാറരുതെന്നാണു്. മറവുള്ളവരെപ്പോലെ വ്യസനവും വിഷമതയും സഹിക്കാനും അടക്കാനുമുള്ള ശക്തി ഈ പൂപോലുള്ള കുട്ടിയ്ക്കു് ഇല്ലെന്നോക്കണം."

യാതൊരു കളങ്കമോ ഭാവനയോ ക്രടാതെ നിർമ്മല മായ മനസ്സാക്ഷിയോട്ടക്രടി അവർം പറഞ്ഞതെല്ലാം വാർട്ടർ ശ്രദ്ധയോടെ സൂക്ഷിച്ചു. രാജാവിനോട്ട തെല്ലും പരിഭവമോ വിദ്വേഷമോ അവർംക്കില്ലായി രുന്നു. ആ പഴയ മധുരസ്വഭാവം ഇപ്പോഴും അവളിൽ കളിയാടിയിരുന്നതു് രാജാവിനു് ആശ്ചര്യമുളവാക്കി. ഇത്രയെല്ലാം ദ്രോഹങ്ങർം ചെയ്തിട്ടും അവർംക്കു തന്നോ ട്ടുള്ള സ്നേഹത്തിനും ഭക്തിക്കും ആദരവിനും അനുസരണ യ്ക്കും ലവലേശം കുറവുവന്നില്ലെന്നു് ബോധ്യമായപ്പോർം അദ്ദേഹത്തിനുണ്ടായ ആനന്ദം പറയാൻ കഴിവില്ല.

"എന്റെ കുശലതേ, മതി, ധാരാളം മതി! സ്ത്രീ ലോകത്തിനു് നീയൊരു കെടാവിളക്കാണു്. എന്നുച്ച രിച്ചുകൊണ്ടു് വാർട്ടർപ്രഭ്ര കുശലതയെ രണ്ടു കൈ കൊണ്ടും പിടിച്ചു മാറോടുചേർത്തണച്ചു് പലവുരു ചുമ്പി ച്ചു. കാപട്യമറിയാത്ത ആ സാധുസ്ത്രീക്കു് ഇതൊരു സ്വപ്നംപോലെ തോന്നിച്ചു. അവർം രാജാവുപറഞ്ഞ വാക്കുകർം കേട്ടില്ല. അദ്ദേഹം അവളെ നോക്കിക്കൊണ്ടു് ശാന്തഗംഭീരനായിട്ടിങ്ങനെ തുടർന്നു—"

"എന്റെ പ്രിയപ്പെട്ട കുശലതേ, ഞാൻ നിന്നോടു് കഠിനമായി പ്രവർത്തിച്ചു എന്നെനിക്കു നിശ്ചയമുണ്ടു്. നീയെന്റെ പ്രിയതമയാണു്. നിന്നെയല്ലാതെ മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കുവാൻ ഈ നിമി ഷംവരെ ഞാൻ ആഗ്രഹിച്ചിട്ടില്ല. ഈ ഇരിക്കുന്ന

കോമളയായ കുമാരി എനിക്കു വിവാഹത്തിനായി കൊണ്ടുവന്നിട്ടുള്ള വധുവല്ല. കുശലത്തേ, അവൾ നമ്മുടെ ഓമനമകളല്ലാതെയാരുമല്ല. രണ്ടുവയസ്സുള്ളപ്പോൾ നിന്നെ വിട്ടുപിരിഞ്ഞ ആ കുഞ്ഞാണിവൾ. അതു പോലെ അവളുടെ സഹോദരനായ ഈ രാജകുമാരൻ നമ്മുടെ പുത്രനും എന്റെ അനന്തരഗാമിയായ കിരീടാവകാശിയുമാണ്. അവനെയും ശിശുവായിരുന്നപ്പോൾ നിനക്കു വേർപിരിയേണ്ടി വന്നു. എന്നാൽ ഇവർ രണ്ടാളും എന്റെ സഹോദരിയായ ബൊളോണയുടെ രഹസ്യമായ സംരക്ഷണയിൽ ഇത്രയുംകാലം സുഖമായി വളർന്നു വരികയായിരുന്നു. അവരെ സ്വീകരിച്ചാലും."

ബാഷ്പംനിറഞ്ഞ കണ്ണുകളോടെ, ഇടറുന്ന കണ്ഠത്തോടെ, വാത്സല്യനിധിയായ തന്റെ കുഞ്ഞുങ്ങളെ രണ്ടുവശത്തും അടുക്കിപ്പിടിച്ച് മാറിമാറി ചുംബിച്ചു ചുംബിച്ച് നെടുവീർപ്പിടുന്ന ആ മാതൃഹൃദയത്തിന്റെ ആഴം ആരായാലും അളക്കുവാൻ കഴിവില്ല.

അല്പനേരം സർവ്വത്ര നിശ്ശബ്ദമായി കാണപ്പെട്ടു. ആ അരമനയുടെ പളുങ്കുതൂണുകളും മാർബിളും ഭിത്തികളുംക്രൂടെ രോമാഞ്ചത്തിൽ മുഴുകിയപോലെ നിന്നു.

വാൾട്ടർ പ്രഭു തന്റെ അതിഥികളോടും പ്രജകളോടും അഭിമുഖമായിനിന്ന് സമാധാനവചനങ്ങൾ പറയേണ്ടിവന്നു.

"പ്രിയമുള്ള പ്രജകളേ! ക്രൂരനായി ഭവിച്ചിരുന്നു എന്നെ പ്രവൃത്തികളിൽ നിങ്ങൾ എനിക്കു മാപ്പുതരണം. എനിക്കു എന്റെ കുഞ്ഞുങ്ങളെ കൊന്നുകളയുവാൻ തോന്നുകയോ? പക്ഷേ എന്റെ പ്രിയതമയുടെ അജയ്യമായ സ്വഭാവഗുണം ഉരുക്കുവച്ചു് മാറ്റിയിരിക്കുണമെന്നുള്ള ഒറ്റ ഉദ്ദേശ്യമേ എനിക്കുണ്ടായിരുന്നുള്ളൂ. എന്റെ ഈ കപടവിദ്യയുടെ പിന്നിൽ നിങ്ങൾ എന്നെ ഒട്ടും തെറ്റിദ്ധരിക്കരുതെന്നും എന്നെ ക്ഷമിക്കണമെന്നും അപേക്ഷിക്കുന്നു."

ഈ വാക്കുകൾകേട്ട കുശലത ബോധരഹിതയായിക്കഴിഞ്ഞു. ശീതോപചാരംചെയ്തു് അവൾ കണ്ണുതുറന്നപ്പോൾ എഴുന്നേറ്റിരുന്നു കൈക്രൂപ്പി ഈശ്വരനെ സ്തുതിച്ചു.

"ജഗൽപിതാവേ! അവിടുത്തെ കരുണയേറിയ അനുഗ്രഹങ്ങൾക്കായി ഞാനിതാ സ്തുതിക്കുന്നു. എനിക്കു കിട്ടേണ്ടതെല്ലാം കിട്ടിക്കഴിഞ്ഞു. പ്രിയതമേറിയ ഓമന കുഞ്ഞുങ്ങളെ എനിക്കു തിരിച്ചുകിട്ടി. താനുമാരായെന്നു കരുതിയിരുന്ന ഭർത്തൃപ്രേമം എനിക്കു അക്ഷയസമ്പത്തായിത്തീർന്നിരിക്കുന്നു. എനിക്കിനി മറ്റൊന്നും ആഗ്രഹമില്ല. ഇനി എന്റെ ജീവൻ വെടിയാനും മടിയില്ല, —പ്രാണനാഥാ! ഞാൻ അങ്ങയുടെ അതിരറ്റ പ്രേമം കരസ്ഥമാക്കി. അതിലും വലുതായൊരു സമ്പത്തും എനിക്കിനി കിട്ടാനില്ല."

ഇങ്ങനെ ഗൽഗദത്തോടെ പറഞ്ഞുകൊണ്ടിരിക്കവേ തന്നെ വീണ്ടും കുശലത ബോധംകെട്ട് പുറകോട്ട് മറിഞ്ഞുപോയി—വാഹട്ടർ തന്റെ കരങ്ങളിൽ താങ്ങിടുത്തു് വേണ്ട ശുശ്രൂഷകൾചെയ്തു് അവളെ സ്വാന്തനപ്പെടുത്തി.

പരിചാരികമാർ ഉടനെതന്നെ ആ രാജദമ്പതിയെ മണിയറയിൽ കൊണ്ടുപോയി കീറവസ്ത്രങ്ങളെല്ലാം മാറിച്ചു്, റാണിയുടെ മോന്നവിധത്തിലുള്ള പട്ടുവസ്ത്രങ്ങളും രത്നാഭരണങ്ങളും ധരിപ്പിച്ചു്, പട്ടമഹിഷിയുടെ മണിക്കിരീടവും അണിയിപ്പിച്ചു്, രാജസഭാമണ്ഡപത്തിലേക്ക് എഴുന്നള്ളിച്ചുകൊണ്ടുവന്നു്, രാജസിംഹാസനത്തിന്റെ ഇടതുവശത്തുള്ള സുവർണ്ണാസനത്തിൽ ഇരുത്തി. അന്നവിടെ നടന്ന ആഘോഷങ്ങളും ആഡംബരപ്രകടനങ്ങളും എന്തൊക്കെയായിരുന്നെന്നു് വർണ്ണിക്കാൻ പ്രയാസമാണു്.

ചുരുക്കിപ്പറയാം-പിന്നീടു് ആ രാജദമ്പതിമാർ സർവ്വ സൗഭാഗ്യങ്ങളോടും വളരെക്കാലം ജീവിച്ചിരുന്നു. കുശലതാറാണിയുടെ വൃദ്ധപിതാവായ ജനിക്കോളയും കൊട്ടാരത്തിൽതന്നെ മരണംവരെ സുഖമായി ജീവിച്ചു. രാജകുമാരിയെ യഥാസമയം ഇറവലിയിലെ ഏറ്റവും യോഗ്യനായ ഒരു രാജകുമാരൻ വിവാഹം ചെയ്യുകയുണ്ടായി. പക്ഷെ ആ രാജകുമാരൻ തന്റെ വധുവിനെ യാതൊരു വിധത്തിലും പരീക്ഷിക്കാൻ ഇടയായില്ല.

പുത്രനെ പ്രായമായപ്പോൾ രാജാവായി അഭിഷേ
കംചെയ്തു വാഴിക്കയുംചെയ്തു.

ഈ കഥ പറഞ്ഞു അവസാനിച്ചപ്പോഴെക്ക
തീർത്ഥാടകസംഘം കാൻറർബറിയിൽ എത്തിയിരുന
മടക്കയാത്രയെപ്പറ്റി വിവരിക്കാൻ ചാസർ അധി
കാലം ജീവിച്ചിരുന്നില്ല. ഇങ്ങനെ ഈ കഥകൾ അ
സാനിപ്പിച്ചുകൊള്ളട്ടെ.
